COCHIN INTERNATIONAL AIRPORT LTD. PUBLICATION

# എന്റെ സിയാൽ

APRIL - JUNE 2015



64 ലക്ഷം
## യാത്രക്കാർ

സിയാലിന്
## റെക്കോർഡ് വരുമാനം

കൊച്ചിൻ ഡ്യൂട്ടി ഫ്രീ
## സമ്മാന മഴ

ഏവിയേഷൻ
## ജാലകം

സിയാൽ
## വാർഷികം

നിക്ഷേപത്തിന്
## പി.പി.എഫ്.

വിഷൻ
## മിഷൻ




പുതിയ അന്താരാഷ്ട്ര ടെർമിനലിനായുള്ള കൗണ്ട് ഡൗൺ തുടങ്ങിക്കൊണ്ട് നിലവിലെ ടെർമിനലുകളിലെ എസ്.എച്ച്.എ ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റലേഷൻ



CIAL
COCHIN INTERNATIONAL AIRPORT LIMITED

# The COUNT DOWN Starts...

**To Provide you**
**.An international class experience**
**.The touch and feel of an exotic new era of aviation service**
**.State of the art technology,**
**.Unswerving facilities**
**& charming interiors**

The first PPP airport in the country proudly announces the commissioning of its New International terminal on

## 25th May 2016

the foundation stone for which was laid and work started on 1st February 2014.

The new terminal will showcase the emphatic capabilities of CIAL to transcend dreams into reality, to recreate and rejuvenate resources and to mix and match the tradition and modernity.

**Salient features:**

↗ 15 lakh sq.feet area
↗ An investment of Rs. 1050 crores
↗ 1.7 lakh sq.feet area of commercial space
↗ Peak hour capacity of handling 15 aircrafts & 4,000 passengers
↗ 112 Check-in counters
↗ High profile lounges, dazzling duty free experience & global brands

എന്റെ സിയാൽ
COCHIN INTERNATIONAL AIRPORT LTD. PUBLICATION
ഏപ്രിൽ-ജൂൺ 2015 വാല്യം 5, ലക്കം 4

# MD's Note

## സമൂഹത്തിന്റെ പ്രതീക്ഷകൾ നിറവേറ്റാം

സിയാൽ എന്ന വാക്ക് ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്നുണ്ട്. നമ്മുടെ കമ്പനിയുടെ പേര് എന്നതിലപ്പുറത്തേയ്ക്ക് ഈ വാക്കിന്റെ പ്രസക്തി വളർന്നുകഴിഞ്ഞു. സിയാലിന്റെ വികസന മാതൃകയും പുനരധിവാസപ്പാക്കേജുമൊക്കെ ഏറെ ചർച്ചചെയ്യപ്പെട്ടുകഴിഞ്ഞതാണ്. ഈയിടെ തിരുവനന്തപുരം പ്രസ്ക്ലബ്ബിൽ നടന്ന മുഖാമുഖം പരിപാടിയിൽപോലും ബഹുമാന്യനായ മുഖ്യമന്ത്രി കൊച്ചിവിമാനത്താവള വികസനമാതൃകയാണ് ഇനിയുള്ള സർക്കാരുകൾക്ക് അഭികാമ്യമെന്ന് ആവർത്തിച്ച് പറയുകയുണ്ടായി. ഇതെല്ലാം ചരിത്രമാണ്. ഒരുപക്ഷേ, നമ്മുടെ മുന്നോട്ടുള്ള പോക്കിനുള്ള പശ്ചാത്തലമാണ്. സമൂഹത്തിന്റെ പൊതുമനസ്സ് നമ്മെ എത്രമാത്രം ഇഷ്ടപ്പെടുന്നുവെന്നതിന്റെ ഉദാഹരണവുമാണ്. സമൂഹം നമ്മളിൽ നിന്ന് ഇനിയും ഏറെ പ്രതീക്ഷിക്കുന്നുണ്ട്. അതുതയൊണ് നമ്മുടെ പ്രധാന വെല്ലുവിളിയും. ആ വെല്ലുവിളി നാം ഏറ്റെടുക്കുക തന്നെ വേണം.

ഇക്കഴിഞ്ഞ വാർഷികദിനാഘോഷത്തിൽ ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയുണ്ടായി. അടുത്ത മെയ് 25 ന് നമ്മുടെ പുതിയ ടെർമിനൽ ഉദ്ഘാടനം ചെയ്യപ്പെടുമെന്നായിരുന്നു എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞത്. ആയിരത്തിലേറെ കോടി രൂപ മുടക്കി നിർമിക്കുന്ന അതീവ സങ്കീർണമായൊരു പ്രോജക്ടിന്റെ ഉദ്ഘാടന ദിനം ഇത്ര നേരത്തെ പറയാൻ സാധിക്കുതെങ്ങനെയെന്ന സംശയം നിങ്ങളിൽ പലർക്കുമുണ്ടാകാം. എന്നാൽ എനിക്ക് ഉറപ്പുണ്ട്. നിങ്ങളുടെ കർമശേഷിയെ ഞാൻ വിശ്വാസത്തിലെടുക്കുന്നു. ഒരുപക്ഷേ ഈ തീയതിയിലും നേരത്തെ പുതിയ ടെർമിനൽ ഉദ്ഘാടനം ചെയ്യാൻ പോലും നമ്മൾക്ക് കഴിഞ്ഞേക്കും. കാലാകാലങ്ങളായി നിങ്ങൾ എനിക്കുതരുന്ന പ്രതീക്ഷയാണിത്. ആ പ്രതീക്ഷ ഒരു ബാധ്യതയാകാതെ നമുക്കൊരുമിച്ച് ഏറ്റെടുക്കാം.

സമ്പൂർണ സൗരോർജ വിമാനത്താവളം എന്ന ലക്ഷ്യമാണ് മറ്റൊന്ന്. കാർഗോയുടെ പടിഞ്ഞാറ് ഭാഗത്ത് അമ്പതേക്കറിൽ സോളർ പാനലുകൾ സ്ഥാപിച്ചുകഴിഞ്ഞു. പതിമൂന്ന് മെഗാവാട്ടോളം വൈദ്യുതി അടുത്തുതന്നെ നമ്മൾക്ക് ലഭിക്കും. തികച്ചും പരിസ്ഥിതി സൗഹൃദമായി പ്രവർത്തിക്കുക എന്ന നമ്മുടെ ദർശനത്തിന്റെ അടയാളമാകും ഈ സൗരപ്പാടം. ഇതുകൂടാതെ ഒട്ടേറെ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുമുണ്ട്. എയർപോർട്ട് റോഡ് മികച്ച രീതിയിൽ പുനർനിർമിച്ചുകഴിഞ്ഞു. കൊമേഴസ്യൽ കോംപ്ലക്സ്, റെയിൽവെ മേൽപ്പാലം എന്നിവ അതിവേഗത്തിൽ പൂർത്തിയാക്കും. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭപ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്.

ഇക്കഴിഞ്ഞ സാമ്പത്തിക വർഷം 413 കോടിയിലധികം രൂപയുടെ വിറ്റുവരവാണ് സിയാലിനുണ്ടായത്. തീർച്ചയായും ലാഭവും വർധിച്ചിട്ടുണ്ട്. ഈ സാമ്പത്തിക പുരോഗതി അഭിമാനകരം തന്നെയാണ്. എന്നാൽ ഒരു സ്ഥാപനത്തിന്റെ ചേതന ഈ സംഖ്യകളിൽ അല്ല. സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹാർദവുമാകണം നമ്മുടെ വളർച്ച. നാം മുന്നോട്ടുവയ്ക്കുന്ന ഓരോ ചുവടും നമ്മുടെ സമൂഹത്തിന് ഗുണകരമാകണം. അത്തരമൊരു വികസന കാഴ്ചപ്പാടുണ്ടായാൽ മാത്രമേ വരുംതലമുറ നമ്മെ ഓർക്കുകയുള്ളൂ. നാം ഓരോരുത്തരും അല്ലെങ്കിൽ നാം ജോലി ചെയ്യുന്ന സ്ഥാപനം ഇവിടെയുണ്ടായിരുന്നുവെന്നതിന് മുദ്രകളുണ്ടാകണം. അത്തരം ഓർമപ്പെടുത്തലിന് ചേരുന്ന പ്രവൃത്തികളാകണം നമ്മൾ ഏറ്റെടുക്കേണ്ടത്. സിയാലിന്റെ പ്രയാണം ഈ വഴിക്കുതന്നെയാകണം എന്ന് നാം പ്രതിജ്ഞയെടുക്കണം. ആ വീഥിയിൽ മാനേജ്മെന്റിനൊപ്പം നിങ്ങളുമുണ്ടാകുമെന്ന വിശ്വാസം എനിക്കുണ്ട്. എല്ലാവർക്കും എന്റെ ആശംസകൾ !



**വി.ജെ. കുര്യൻ ഐ.എ.എസ്.**

എന്റെ സിയാൽ

COCHIN INTERNATIONAL AIRPORT LTD. PUBLICATION

## Contents






06 സിയാലിന് റെക്കോർഡ് വരുമാനം

08 സിയാൽ വാർഷികദിനാഘോഷം

12 ഏവിയേഷൻ ജാലകം

14 ബാവയ്ക്ക് അഭിവന്ദനം

16 കസ്റ്റംസ്....ക്രിക്കറ്റ്....കമ്മിഷണർ

18 പബ്ലിക് പ്രോവിഡന്റ് ഫണ്ട്

20 വിഷൻ, മിഷൻ

25 ഹജ്ജ് ക്യാമ്പ്

26 അഗ്നിശമന ബോധവത്ക്കരണം

28 മൂന്ന് കാറുകൾ സമ്മാനമായി നൽകി

30 വ്യായാമം ശീലമാക്കുമ്പോൾ






എഡിറ്റോറിയൽ ഉപദേശക സമിതി

**എ.സി.കെ. നായർ**
(ഇ.ഡി. ഓപ്പറേഷൻസ് & എയർപോർട്ട് ഡയറക്ടർ)

**എ.എം. ഷബീർ**
(ഇ.ഡി. എൻജിനീയറിംഗ് സർവ്വീസസ്സ്)

ചീഫ് എഡിറ്റർ
**കെ.പി. തങ്കച്ചൻ**

എഡിറ്റർ
**പി.എസ്. ജയൻ**
(മനേജർ, കോർപ്പറേറ്റ് കമ്യൂണിക്കേഷൻ)

**എഡിറ്റോറിയൽ ബോർഡ് :**

സി ദിനേശ് കുമാർ
(അസി. ജനറൽ മാനേജർ, ഓപ്പറേഷൻസ്)

ജോസഫ് പീറ്റർ
(സീനിയർ മാനേജർ കോമേഴ്സ്യൽ)

ഡൊമിനിക് ഫെർണാണ്ടസ്
(മാനേജർ കയാസ് & എൽ.എ.)

പവിത്രൻ വി.പി.
(മാനേജർ ഫയർ)

പ്രസന്നകുമാർ വി.എസ്.
സീനിയർ അസിസ്റ്റന്റ്, ഡ്യൂട്ടി ഫ്രീ

ഹേമ ഡി.
(സീനിയർ അസിസ്റ്റൻസ്, ഐ ടി

എൻ. ശെൽവരാജ്
അസി. ഡ്യൂട്ടിഫ്രീ

ഡിസൈൻ
ലൈറ്റ്സ് & എഫ് എക്സ്
എന്റർടെയിൻമെന്റ്, കൊച്ചി.

ഇതിൽ ചേർത്തിരിക്കുന്ന ലേഖനങ്ങളിലെ അഭിപ്രായങ്ങൾ ലേഖകരുടെത് മാത്രമാണ്. സിയാൽ മാനേജ്മെന്റിന് ഇവയിൽ ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല




# സിയാലിൽ യാത്രക്കാരുടെ എണ്ണം 64 ലക്ഷം കവിഞ്ഞു

യാത്രക്കാരുടെ എണ്ണത്തിൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന് വീണ്ടും റെക്കോർഡ്. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം കൊച്ചി വിമാനത്താവളത്തിലൂടെ യാത്രചെയ്തത് 64.5 ലക്ഷം പേർ. മൊത്തം യാത്രക്കാരുടെ എണ്ണത്തിൽ 21 ശതമാനത്തോളം വാർഷിക വർധനവാണ് സിയാൽ രേഖപ്പെടുത്തിയത്.

2014-15 സാമ്പത്തിക വർഷത്തിൽ സിയാൽ കൈകാര്യം ചെയ്ത യാത്രക്കാരുടെ എണ്ണം 64,50,284 ആണ്. മുൻ സാമ്പത്തിക വർഷം ഇത് 53,86,463 ആയിരുന്നു. മൊത്തം യാത്രക്കാരിൽ 37.59 ലക്ഷം പേർ രാജ്യാന്തര യാത്രക്കാരാണ്. മുൻ സാമ്പത്തിക വർഷം ഇത് 32.71 ലക്ഷമായിരുന്നു. 14.5 ശതമാനം വർധന. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം കൊച്ചി വിമാനത്താവളം വഴി ആഭ്യന്തര യാത്ര നടത്തിയത് 26.91 ലക്ഷം പേരാണ്. മുൻവർഷത്തിൽ ഇത് 21.14 ലക്ഷമായിരുന്നു. 27.3 ശതമാനം വർധനവ്. മൊത്തം യാത്രക്കാരുടെ എണ്ണത്തിൽ 20.9 ശതമാനം വളർച്ചയാണ് ഈ സാമ്പത്തിക വർഷം സിയാൽ കൈവരിച്ചത്. വിമാന സർവീസുകളുടെ എണ്ണത്തിലും ഇക്കഴിഞ്ഞ സാമ്പത്തിക വർഷം സിയാൽ വലിയ നേട്ടമുണ്ടാക്കിയിട്ടുണ്ട്. . 2014-15 ൽ 53748 സർവീസുകൾ സിയാലിൽ നിന്ന് ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. മുൻവർഷം ഇത് 47216 ആയിരുന്നു.

രാജ്യത്ത് ഏറ്റവും കുറച്ച് ഫീസ് ഈടാക്കുന്ന വിമാനത്താവളങ്ങളിലൊന്നാണ് സിയാലിന്റേതെന്ന് മാനേജിങ് ഡയറക്ടർ വി.ജെ.കുര്യൻ ഐ.എ.എസ്. പറഞ്ഞു. ''ലാൻഡിങ്, പാർക്കിങ് ഫീസ് പരമാവധി കുറച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള സേവനം ഉറപ്പാക്കാൻ സിയാൽ തുടക്കം മുതൽക്കുതന്നെ ശ്രദ്ധിച്ചിട്ടുണ്ട്. ഇവിടെയെത്തുന്ന ഓരോ യാത്രക്കാരനും മികച്ച സേവനം നൽകുക എന്ന ലക്ഷ്യത്തിൽ നിന്ന് സിയാൽ ഒരിക്കലും പിന്നാക്കം പോയിട്ടില്ല. ജനകീയ പങ്കാളിത്തത്തോടെ രാജ്യത്തെ ആദ്യത്തെ വിമാനത്താവളം പണികഴിപ്പിച്ച സിയാലിന് സേവന മികവിന്റെ കാര്യത്തിലും പുതിയ മാതൃക സൃഷ്ടിക്കാൻ കഴിയുന്നുണ്ട്'' വി.ജെ.കുര്യൻ പറഞ്ഞു.

ആഭ്യന്തര യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വൻ പുരോഗതിയാണ് ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ശ്രദ്ധേയമായ വസ്തുതയെന്ന് എയർപോർട്ട് ഡയറക്ടർ എ. സി. കെ. നായർ പറഞ്ഞു. ''ഉത്തരേന്ത്യയിൽ നിന്നുള്ള വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കാര്യമായ പുരോഗതിയാണ് ഇത്തവണ രേഖപ്പെടുത്തിയിട്ടുള്ളത്. വിദൂര പൂർവ രാജ്യങ്ങളിൽ നിന്നുള്ള യാത്രക്കാരുടെ എണ്ണത്തിലും വലിയ വർധനവ് സിയാൽ രേഖപ്പെടുത്തിയിട്ടുണ്ട്'' എ.സി.കെ.നായർ പറഞ്ഞു.

വർഷം അരക്കോടിയിലേറെ യാത്രക്കാർ ഉപയോഗിക്കുന്ന കേരളത്തിലെ ഏക വിമാനത്താവളമാണ് സിയാൽ. യാത്രക്കാരുടെ എണ്ണത്തിലുള്ള പുരോഗതി കണക്കിലെടുത്ത് ആയിരം കോടി രൂപ ചെലവിൽ സിയാൽ നിർമിക്കുന്ന പുതിയ അന്താരാഷ്ട്ര ടെർമിനൽ അടുത്തവർഷമാദ്യം കമ്മീഷൻ ചെയ്യും.

## കൊച്ചി വിമാനത്താവളം ധാരണാപത്രം ഒപ്പുവച്ചു



കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും (സിയാൽ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (ബി.പി.സി.എൽ.) തമ്മിൽ ഏവിയേഷൻ റീഫ്യുവലിംഗ് ഫെസിലിറ്റി മാനേജ്മെന്റ് സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവച്ചു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ തുറമുഖ വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവിന്റെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ സിയാൽ മാനേജിങ് ഡയറക്ടർ ശ്രീ. വി. ജെ. കുര്യൻ, ബി.പി.സി.എൽ എക്സിക്യൂട്ടീവ് ഡയറക്ടർ എം.എം. സോമയ്യ എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ശ്രീ. വി. പി. സജീന്ദ്രൻ എം. എൽ. എ., ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് മാർക്കറ്റിംഗ് ഡയറക്ടർ ശ്രീ. കെ. കെ. ഗുപ്ത, ഫിനാൻസ് ഡയറക്ടർ ശ്രീ. ബാലസുബ്രമണ്യൻ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ഡയറക്ടർ ശ്രീ. എ. സി. കെ. നായർ, കൊച്ചിൻ റിഫൈനറീസ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. പ്രസാദ് കെ. പണിക്കർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം കമ്പനി മാനേജിംഗ് ഡയറക്ടർ ശ്രീ. ജി. ചന്ദ്രമൗലി എന്നിവർ പങ്കെടുത്തു.



സിയാൽ വരവുചെലവുകണക്കുകൾക്ക് അന്തിമ രൂപം നൽകാൻ ജൂൺ 12 ന് മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിയ ഡയറക്ടർ ബോർഡ് യോഗം

# സിയാലിന് റെക്കോർഡ് വരുമാനം

# ലാഭം 144.58 കോടി 21 % ലാഭവിഹിതം

CIAL
COCHIN INTERNATIONAL AIRPORT LIMITED

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡി(സിയാൽ)ന് പതിനേഴാം വർഷത്തിലും മികച്ച നേട്ടം. 2014-15 സാമ്പത്തിക വർഷത്തിൽ 413.96 കോടി രൂപയാണ് കമ്പനിയുടെ വരുമാനം. നികുതി കിഴിച്ചുള്ള ലാഭം 144.58 കോടിയും.

മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് മൊത്തം വരുമാനത്തിൽ 14.55 ശതമാനവും ലാഭത്തിൽ 16.25 ശതമാനവും വളർച്ച സിയാൽ പ്രകടിപ്പിച്ചിട്ടുണ്ട്. 2013-14-ൽ 361.39 കോടിയായിരുന്നു കമ്പനിയുടെ വരുമാനം. 124.42 കോടി ലാഭവും. ഈ സാമ്പത്തിക വർഷത്തിൽ കമ്പനി 179.30 കോടി രൂപ നികുതി കിഴിക്കാതെയുള്ള ലാഭം നേടിയിട്ടുണ്ട്. കമ്പനിയുടെ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിയുടെ അധ്യക്ഷതയിൽ ചേർന്ന ഡയറക്ടർബോർഡ് യോഗമാണ് വരവു ചെലവു കണക്കുകൾ സംബന്ധിച്ച റിപ്പോർട്ട് പ്രഖ്യാപിച്ചത്. ഓഹരിയുടമകൾക്ക് 21 ശതമാനം ലാഭവിഹിതം നൽകാൻ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. 36 രാജ്യങ്ങളിൽ നിന്നായി 18000-ൽ പ്പരം പേർക്ക് സിയാലിൽ നിക്ഷേപമുണ്ട്. 2003-04 മുതൽ കമ്പനി തുടർച്ചയായി ലാഭവിഹിതം നൽകിവരുന്നു കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 18 ശതമാനം ലാഭവിഹിതം കമ്പനി പ്രഖ്യാപിച്ചിരുന്നു. നിലവിലെ ബോർഡ് നിർദേശം വാർഷിക പൊതുയോഗം അംഗീകരിച്ചാൽ മൊത്തം 153 ശതമാനം ലാഭവിഹിതം ഓഹരിയുടമകൾക്ക് തിരിച്ചുനൽകാൻ കമ്പനിയ്ക്ക് കഴിയും.



2000-ലും 2006 ലും ഒന്നിനൊന്ന് കണക്കിൽ അവകാശ ഓഹരി കമ്പനി വിതരണം ചെയ്തു. നാലിനൊന്ന് എന്ന അനുപാതത്തിൽ വീണ്ടും അവകാശ ഓഹരി നൽകാൻ കഴിഞ്ഞ വാർഷിക പൊതുയോഗം തീരുമാനമെടുത്തിരുന്നു. ഓഗസ്റ്റ് പതിനെട്ടിന് എറണാകുളം ഫൈൻ ആർട്സ് ഹാളിലാണ് ഈ വർഷത്തെ പൊതുയോഗം. കരിപ്പൂർ വിമാനത്താവള റൺവെ അറ്റകുറ്റപ്പണി നടക്കുന്ന സാഹചര്യത്തിൽ ഈ വർഷത്തെ ഹജ്ജ് ക്യാമ്പ് കൊച്ചി വിമാനത്താവളത്തിലേയ്ക്ക് മാറ്റാനും ഡയറക്ടർബോർഡ് അനുമതി നൽകി.

ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 64 ലക്ഷത്തിലധികം പേർ കൊച്ചി വിമാനത്താവളത്തിലൂടെ യാത്രചെയ്തു. യാത്രക്കാരുടെ എണ്ണത്തിൽ 21 ശതമാനമാണ് വളർച്ചാനിരക്ക്. കമ്പനിയുടെ ആകെ വരുമാനത്തിന്റെ അറുപതു ശതമാനത്തോളം കൊമേഴ്സ്യൽ, ഡ്യൂട്ടി ഫ്രി തുടങ്ങിയ വ്യോമഗതാഗതേതര മാർഗത്തിലൂടെയാണ് ലഭിച്ചത്. കാർഗോ വിഭാഗവും മികച്ച വളർച്ച രേഖപ്പെടുത്തി. 64,935 ടൺ ചരക്കാണ് 2014-15-ൽ സിയാൽ കാർഗോ കൈകാര്യം ചെയ്തത്. മുൻ വർഷത്തെ അപേക്ഷിച്ച് 19.28 ശതമാനം വളർച്ച.

1050 കോടിരൂപ ചെലവിട്ട് നിർമിക്കുന്ന പുതിയ അന്താരാഷ്ട്ര ടെർമിനൽ, ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ സൗരോർജ വിമാനത്താവളമാക്കാനുള്ള പ്രവർത്തനങ്ങൾ, ജലവൈദ്യുതോൽപ്പാദനം എന്നിങ്ങനെ വൻകിട പദ്ധതികൾക്ക് സിയാൽ തുടക്കം കുറിച്ചിട്ടുണ്ട്.

മന്ത്രിമാരും സിയാൽ ഡയറക്ടർമാരുമായ ശ്രീ.കെ .എം. മാണി, ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി, ശ്രീ. കെ. ബാബു, ചീഫ് സെക്രട്ടറി ശ്രീ.ജിജി തോംസൺ, സിയാൽ മാനേജിങ് ഡയറക്ടർ ശ്രീ.വി.ജെ.കുര്യൻ, ശ്രീ. എം.എ.യൂസഫലി, ശ്രീ. സി.വി.ജേക്കബ്, ശ്രീ. ഇ.എം.ബാബു, ശ്രീ. എൻ.വി.ജോർജ്, ശ്രീ. കെ. റോയ്പോൾ, ശ്രീമതി രമണി ദാമോദരൻ, സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.എ. എം. ഷബീർ, കമ്പനി സെക്രട്ടറി ശ്രീ.സജി കെ.ജോർജ്, ചീഫ് ഫിനാഷ്യൽ ഓഫീസർ ശ്രീ.സുനിൽ ചാക്കോ, ഡി.ജി.എം. ലെനി സെബാസ്റ്റ്യൻ തുടങ്ങിയവർ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുത്തു.







# സിയാൽ വാർഷികദിനാഘോഷം

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ പതിനാറാം വാർഷികാഘോഷം മെയ് 25 ന് ട്രേഡ് ഫെയർ ആന്റ് എക്സിബിഷൻ സെന്ററിൽ നടന്നു.

സിയാൽ മാനേജിങ് ഡയറക്ടർ ശ്രീ. വി.ജെ.കുര്യൻ ഐ.എ.എസ് വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ഇരുപത് വർഷം മുമ്പ് തുടങ്ങിയ പ്രയത്നത്തിന്റെ ഫലമാണ് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് എന്ന് അദ്ദേഹം പറഞ്ഞു. ''സിയാലിന്റെ തുടക്കത്തിൽ ഞങ്ങളെ പ്രോത്സാഹിപ്പിച്ച ഓരോരുത്തരേയും ഞാൻ ഈ യവസരത്തിൽ ഓർക്കുകയാണ്. മുൻ മുഖ്യമന്ത്രി ശ്രീ.കെ. കരുണാകരന്റെ പിന്തുണയാണ് ഏറ്റവും നിർണായകമായത്. പിന്നീട് മുഖ്യമന്ത്രിമാരായ ശ്രീ.എ. കെ.ആന്റണി, ശ്രീ. ഇ.കെ.നായനാർ, മുൻ മന്ത്രി ശ്രീ.ടി.എം.ജേക്കബ് എന്നിവരും പ്രതിസന്ധിയുടെ സമയങ്ങളിൽ സിയാലിനെ പ്രോത്സാഹിപ്പിച്ചു. ശ്രീ.എം എ യൂസഫലി, ശ്രീ.സി.വി.ജേക്കബ്, ശ്രീ.എൻ.വി. ജോർജ്, ശ്രീ.ഇ.എം.ബാബു എന്നിവർ നൽകിയ പിന്തുണയും സിയാലിന് വലിയ പ്രോത്സാഹനമായിരുന്നു. ഈ പ്രോജക്ടിന്റെ തുടക്കം മുതൽ ഇതിന്റെ ജീവനക്കാർ നൽകിവരുന്ന സംഭാവന വളരെ വലുതാണ്. ഈ ഘടകങ്ങളൊന്നുമില്ലെങ്കിൽ സിയാൽ ഇന്ന് കാണുന്ന നിലയിൽ എത്തുമായിരുന്നില്ല'' -ശ്രീ. കുര്യൻ പറഞ്ഞു.

എയർപോർട്ട് ഡയറക്ടർ ശ്രീ.എ.സി. കെ.നായർ സ്വാഗതം പറഞ്ഞു. സിയാൽ ഡയറക്ടർ ശ്രീ. സി.വി. ജേക്കബ്, സി.ഐ.എ.എസ്.എൽ. മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. വെങ്കിടേശ്വരൻ, സിയാൽ സെക്യൂരിറ്റി അഡൈ്വസർ ശ്രീ. പി. ഗൗരിശങ്കർ, ചീഫ് ഫിനാഷ്യൽ ഓഫീസർ ശ്രീ. സുനിൽ ചാക്കോ, കമ്പനി സെക്രട്ടറി ശ്രീ. സജി കെ.ജോർജ്, ജനറൽ മാനേജർമാരായ ശ്രീ.ജോസ് തോമസ്, ശ്രീ. കെ.പി.തങ്കച്ചൻ, എച്ച്.ആർ. ഹെഡ്. ശ്രീ. ജയരാജൻ വി., അസി.ജനറൽ മാനേജർ ശ്രീ.ജോസഫ് പീറ്റർ തുടങ്ങിയവർ പങ്കെടുത്തു. ഫിനാൻസ് ഡെപ്യൂട്ടി മാനേജർ ശ്രീമതി അഞ്ജു റോസ് തോമസ് ആയിരുന്നു അവതാരക. ഉദ്ഘാടനച്ചടങ്ങിന് ശേഷം പ്രശസ്ത നർത്തകിയും നടിയുമായ ശ്രീമതി ആശ ശരത്തിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ അരങ്ങേറി.



# CIAL 16th ANNUAL DAY CELEBRATIONS





























# 95% സുരക്ഷാ പരിശോധനയിലും അമേരിക്കൻ വിമാനത്താവളങ്ങൾ പരാജയം




ലോകത്തേറ്റവും വ്യോമയാന സുരക്ഷയുള്ള രാജ്യങ്ങളിലൊന്നാണ് അമേരിക്കയെന്നാണ് സങ്കൽപ്പം. എന്നാൽ ഈയിടെ അമേരിക്കയുടെ ദേശീയ സുരക്ഷാ കോർഡിനേഷൻ ടീം (N-S-CT) അഥവാ 'റെഡ് സെൽസ്' എന്ന ഏജൻസി നടത്തിയ രഹസ്യ ഓപ്പറേഷനിൽ ഈ സങ്കൽപം പൊളിയുകയാണ്. അമേരിക്കയുടെ വിവിധ എയർപോർട്ടുകളിൽ ഒരുമാസം നീണ്ട രഹസ്യ ഓപ്പറേഷന്റെ റിപ്പോർട്ട് എ.ബി.സി ന്യൂസ് എന്ന വാർത്താ ഏജൻസി പുറത്തുവിട്ടതോടെയാണ് വ്യോമഗതാഗത മേഖല ഞെട്ടിയത്.

ട്രാൻസ്പോർട്ടേഷൻ സെക്യൂരിറ്റി അഡ്മിനിസ്ട്രേഷൻ (ടി.എസ്.എ) എന്ന ഔദ്യോഗിക വിഭാഗമാണ് അമേരിക്കയുടെ എയർപോർട്ട് സുരക്ഷ നിർവഹിക്കുന്നത്. മറ്റുരാജ്യങ്ങളിലെ ഭരണാധികാരികളെപ്പോലും തുണിയഴിച്ച് പരിശോധന നടത്തുന്നതിൽ വിരുതൻമാരായ ടി.എസ്.എക്കാരോട് അമേരിക്കയിൽ തന്നെ അത്രപഥ്യം പോര. 45000 അംഗങ്ങളുള്ള ടി.എസ്.എ, അനാവശ്യമായി ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്നതിൽ സദാ ദുഷ്പേര് കേൾക്കുന്നുണ്ട്. ടി.എസ്.എ യുടെ കാര്യക്ഷമത അളക്കാനാണ് റെഡ് സെല്ലുകൾ രഹസ്യ ഓപ്പറേഷൻ നടത്തിയത്. ഉടലിൽ അതിവിദഗ്ധമായി വ്യാജ സ്ഫോടക വസ്തുക്കൾ ഒളിപ്പിച്ചും സുരക്ഷാ നിർദേശങ്ങൾ ലംഘിച്ചും റെഡ് സെൽ ഏജന്റുമാർ വിമാനം വരെയെത്തി. 70 തരത്തിലാണ് റെഡ് സെൽ ടി.എസ്.എയുടെ സുരക്ഷ ലംഘിച്ചത്. 65 എണ്ണവും പിടിക്കപ്പെട്ടില്ല. ടി.എസ്.എയുടെ മേധാവിയെ ഒരു സുപ്രഭാതത്തിൽ പിടിച്ചുപുറത്താക്കിയതിന്റെ കാരണം തേടി വാർത്താ ഏജൻസി നടത്തിയ അന്വേഷണത്തിലാണ് വിവരങ്ങൾ പുറത്തായത്.

## വിസ ഓൺ അറൈവൽ മാറി പകരം ഇ-ടി വിസ

ഇന്ത്യയിലെത്തുന്ന വിദേശികൾക്ക് ഇമിഗ്രേഷൻ കൗണ്ടറിൽ വന്ന ഉടനടി വിസയെടുക്കാനുള്ള വിസ ഓൺ അറൈവൽ സംവിധാനം അടിമുടി മാറി. വി.ഒ.എ യ്ക്ക് പകരം ഇ-ടി വിസ എന്നാണ് കഴിഞ്ഞ മാസം മുതൽ ഇത് അറിയപ്പെടുന്നത്. ഇ-ടി വിസ എന്നാൽ ഇലക്ട്രോണിക്-ടൂറിസ്റ്റ് വിസ. സ്വന്തം രാജ്യത്ത് നിന്ന് ഓൺലൈനിൽ അപേക്ഷ ഫോം പൂരിപ്പിക്കുന്നതുമുതൽ പണമടയ്ക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഈ സംവിധാനത്തിലൂടെ ചെയ്യാം. ഇന്ത്യയിലെ ഏത് വിമാനത്താവളത്തിലേയും പ്രത്യേക കൗണ്ടറിൽ രജിസ്ട്രേഷൻ കോഡ് നൽകിയാലുടൻ യാത്രക്കാരന് വിസ ലഭിക്കും. ഇ-ടി വിസ ഏർപ്പെടുത്തിയതോടെ മെയ് മാസത്തിൽ മാത്രം ഏഴര ഇരട്ടി വർധനവാണ് (മുമ്പ് വി. ഒ.എ ഉപയോഗിച്ചവരെ അപേക്ഷിച്ച് ) ഉണ്ടായത്. 76 രാജ്യക്കാർക്ക് ഇ-ടി വിസ സംവിധാനത്തിലൂടെ ഇന്ത്യ കാണാം.

### ഇന്ധനച്ചെലവ് കുറഞ്ഞു; എയർലൈനുകളുടെ നഷ്ടവും

ഏവിയേഷൻ ഇന്ധനച്ചെലവിൽ 35 ശതമാനം കുറവ് ലഭിച്ചതോടെ ഇന്ത്യൻ എയർലൈൻ കമ്പനികളുടെ നഷ്ടം സാരമായി കുറഞ്ഞു.

ഇന്ത്യയിലെ എല്ലാ വിമാനക്കമ്പനികളും കൂടി പ്രതിവർഷം 7000 കോടി രൂപ നഷ്ടം വരുത്തുന്നുവെന്നാണ് അനുമാനം. എന്നാൽ ഇന്ധനച്ചെലവിലെ കുറവ് ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എയർലൈനുകൾക്ക് ഗുണകരമായി. 2013-14-ൽ 4130 കോടി നഷ്ടം വരുത്തിയ ജെറ്റ് എയർവെയ്സ് ഇക്കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടം 2097 കോടിയായി കുറച്ചു. സ്പൈസ് ജെറ്റാകട്ടെ നഷ്ടം 1003 കോടിയിൽ നിന്ന് 687 കോടിയായി കുറച്ചു. ഇൻഡിഗോയുടെ ലാഭം 317 കോടിയിൽ നിന്ന് ഇരട്ടിയാകാനാണ് സാധ്യത.

### മുംബൈ വിമാനത്താവളത്തിൽ റൺവെ ടണൽ

റൺവെ ടണലും പുതിയ ടാക്സിവേയും ഉൾപ്പെടെ 1600 കോടി രൂപയുടെ പുതിയ പ്രോജക്ടുകൾക്ക് മുംബൈ എയർപോർട്ട് ലിമിറ്റഡ് തുടക്കമിട്ടു. എയർസൈഡിലെ വിവിധ ഉപയോഗങ്ങൾക്കായാണ് റൺവെയുടെ അടിയിലൂടെ തുരങ്കം നിർമിക്കുന്നത്. വലിയ ബസ്സുകൾക്കുപോലും പോകാൻ തക്കവിധത്തിലാണ് തുരങ്ക നിർമാണം. നിലവിൽ ഖാഡ്കോപ്പർ വരെയുള്ള മെട്രോ ട്രെയിൻ, വിമാനത്താവളം വരെ നീട്ടാനുള്ള പദ്ധതിയും നടക്കുന്നുണ്ട്.

### ഡ്യൂട്ടി ഫ്രീ പണമടയ്ക്കൽ ഓൺലൈനിലൂടെ

എന്തുകാര്യവും ഓൺലൈൻ മുഖേന ചെയ്യാനാഗ്രഹിക്കുന്ന പുതിയ തലമുറയെ ലക്ഷ്യം വച്ച് പ്രമുഖ ഡ്യൂട്ടി ഫ്രീ വിതരണക്കാരും തന്ത്രം മെനയുന്നു. നിലവിൽ രാജ്യാന്തര യാത്രക്കാർക്ക് ഇന്റർനെറ്റിലൂടെ മിക്ക വലിയ വിമാനത്താവളങ്ങളിലേയും ഡ്യൂട്ടി ഫ്രീ ഷോപ്പുകളിൽ സാധനങ്ങൾ ബുക്ക് ചെയ്യാം. ബുക്കിങ് സന്ദേശവുമായി ഷോപ്പുകളിലെത്തിയാൽ പാക്ക് ചെയ്തുവച്ച സാധനം റെഡി. ഉടനടി കൗണ്ടറിൽ പണമടയ്ക്കാനും ഇവർക്ക് മുൻഗണന ലഭിക്കും. ഇതുമുഖേന ഏറെ സമയം യാത്രക്കാരന് ലാഭിക്കാം. എന്നാൽ ഒരു പടി കൂടി കടന്ന്, പണവും ഓൺലൈൻ വഴിയടയ്ക്കാനുള്ള പദ്ധതിയാണ് വേൾഡ് ഡ്യൂട്ടി ഫ്രീ, ന്യൂവാൻസ് തുടങ്ങിയ വിതരണക്കാർ ആരംഭിക്കുന്നത്. ഇവർ നടത്തുന്ന ഷോപ്പുകളിൽ ഈ ആനുകൂല്യം യാത്രക്കാർക്ക് ഉടനടി ലഭ്യമാകും.



### മാസം 40 ലക്ഷം യാത്രക്കാരുമായി ഡൽഹി വിമാനത്താവളം

ഒരുമാസം നാൽപത് ലക്ഷം യാത്രക്കാർ ഉപയോഗിച്ച ഏകവിമാനത്താവളമായി ഡൽഹി ഇന്ദിരാഗാന്ധി എയർപോർട്ട്. വിമാനത്താവളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ട്രാഫിക്കിനാണ് ഇക്കഴിഞ്ഞ മെയ് മാസം സാക്ഷ്യം വഹിച്ചത്. ഗുജ്ജാർ കലാപം കാരണം രാജ്യ തലസ്ഥാനത്തേയ്ക്കുള്ള ട്രെയിൻ ഗതാഗതം താറുമാറായതാണ് ഒറ്റയടിയ്ക്ക് യാത്രക്കാരുടെ എണ്ണം കുതിച്ചുകയറാൻ ഇടയായത്. വേനൽക്കാല അവധിയിൽ ആഭ്യന്തര യാത്രക്കാരുടെ എണ്ണത്തിലും വലിയ വർധനവുമായി. മെയ് മാസത്തിൽ മുംബൈ വിമാനത്താവളവും മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. 36 ലക്ഷം പേരാണ് മുംബൈയിലൂടെ മെയ് മാസത്തിൽ യാത്രചെയ്തത്.





### ഉപേക്ഷിക്കപ്പെട്ട എയർ സ്ട്രിപ്പുകൾ പുനരുജ്ജീവിപ്പിക്കുന്നു

രാജ്യമെങ്ങും വ്യോമ ഗതാഗത ശൃംഖലയുണ്ടാക്കാനുള്ള സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ പദ്ധതിയുടെ ഭാഗമായി, ഉപേക്ഷിക്കപ്പെട്ട എയർ സ്ട്രിപ്പുകൾ പുനരുജ്ജീവിപ്പിക്കാൻ ശ്രമമെന്ന് റിപ്പോർട്ട്. സ്വാതന്ത്ര്യ ലബ്ധിയ്ക്ക് മുമ്പ് ഉപയോഗത്തിലുണ്ടായിരുന്ന നാന്നൂറോളം എയർസ്ട്രിപ്പുകളിൽ പകുതിയെങ്കിലും ഉപയോഗ യോഗ്യമാക്കാൻ കഴിയുമെന്നാണ് മന്ത്രാലയത്തിന്റെ പ്രതീക്ഷ. അവികസിതമായ ചെറു പട്ടണങ്ങളിലേയ്ക്ക് വ്യോമ ശൃംഖല വ്യാപിപ്പിക്കാനാണ് സർക്കാരിന്റെ ശ്രമം. വിനോദ സഞ്ചാര, വ്യവസായ മേഖലയിൽ വലിയ വളർച്ചയ്ക്ക് തുടക്കമിടാൻ ഇതിലൂടെ കഴിയും. പരമാവധി ചെലവുകുറച്ച് അടിസ്ഥാന സൗകര്യം മാത്രമുള്ള വിമാനത്താവളമാകും ഇതിനായി പണിയുക. സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഇതിനോടകം തന്നെ ഇത്തരം എയർ സ്ട്രിപ്പുകൾ കണ്ടെത്തിക്കഴിഞ്ഞു.അരുണാചൽ പ്രദേശിലെ ടെസുവിൽ ചെറുകിട എയർപോർട്ട് നിർമിക്കാനുള്ള പ്രാരംഭ പ്രവർത്തനവും തുടങ്ങിയിട്ടുണ്ട്. ബീഹാറിലാണ് ഏറ്റവുമധികം ഉപേക്ഷിക്കപ്പെട്ട എയർ സ്ട്രിപ്പുകളുള്ളത് ; 22 എണ്ണം.

# ബാവയ്ക്ക് അഭിവന്ദനം

## സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ പാത്രീയാർക്കീസ് ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവ കൊച്ചി വിമാനത്താവളത്തിലെത്തിയപ്പോൾ.....



# വിമാനത്താവളത്തിൽ സുരക്ഷ കർശനമാക്കി

സ്വർണക്കടത്ത് തടയാൻ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സുരക്ഷ കർശനമാക്കി. എയർപോർട്ട് ഡയറക്ടർ എ.സി.കെ.നായരുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗത്തിൽ ഇതുസംബന്ധിച്ച നിർദേശങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ തീരുമാനമായി.

എയർലൈനുകൾ, ഗ്രൗണ്ട് ഹാൻഡിലിങ് ഏജൻസികൾ, സുരക്ഷ, കസ്റ്റംസ്, ഇമിഗ്രേഷൻ വിഭാഗങ്ങൾ എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ സ്വർണക്കടത്ത് തടയുന്നതിനെക്കുറിച്ചുള്ള നടപടികൾ ചർച്ചചെയ്തു. വിവിധ ഏജൻസികൾ വിമാനത്താവളത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ കർശനമായ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കണമെന്ന് യോഗം നിർദേശിച്ചു. കുറ്റകൃത്യ പശ്ചാത്തലമുള്ളവരെ ഒരുകാരണവശാലും ഇത്തരം ജോലികൾക്ക് നിയോഗിക്കരുത്. ഏജൻസികളുടെ ജീവനക്കാർ വിമാനത്താവളത്തിൽ ജോലിക്ക് എത്തുമ്പോഴും തിരിച്ചിറങ്ങുമ്പോഴും സുരക്ഷാ ഏജൻസികളുടെ ദേഹ പരിശോധനയ്ക്ക് വിധേയരാകണം. ഓരോ ജീവനക്കാരുടേയും പ്രവർത്തനങ്ങൾ നിരീക്ഷിക്കാനുള്ള സംവിധാനം അതത് ഏജൻസികൾ ഏർപ്പെടുത്തണം. സംശയം തോന്നുന്ന ഓരോ നീക്കങ്ങളും നിർദിഷ്ട സുരക്ഷാ ഏജൻസികൾക്ക് റിപ്പോർട്ട് ചെയ്യണം. സി.ഐ.എസ്.എഫ് ഉൾപ്പെടെയുള്ള സുരക്ഷാവിഭാഗങ്ങൾ നടത്തുന്ന ക്രമീകരണങ്ങളോട് പരമാവധി സഹകരണം ഉറപ്പുവരുത്തണം. ജീവനക്കാരുടെ കൃത്യങ്ങൾക്ക് പൂർണ ഉത്തരവാദിത്വം അതത് ഏജൻസികളിൽ നിക്ഷിപ്തമായിരിക്കും.

സുരക്ഷാക്രമീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനിന്റെ ഭാഗമായി കൂടുതൽ നിരീക്ഷണക്യാമറകൾ വിമാനത്താവള ടെർമിനലിലും പരിസരപ്രദേശങ്ങളിലും സ്ഥാപിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞതായും എയർപോർട്ട് ഡയറക്ടർ എ. സി. കെ. നായർ അറിയിച്ചു.





## കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

**CIN:U63033KL1994PLC007803**

രജിസ്റ്റേർഡ് & കോർപ്പറേറ്റ് ഓഫീസ്: റൂം നമ്പർ 35, 4-ാം നില,
ജി.സി.ഡി.എ. കൊമേഴ്സ്യൽ കോംപ്ലക്സ്, മറൈൻ ഡ്രൈവ്, കൊച്ചി, കേരള - 682031
ഫോൺ: +91 484 2374154, ഫാക്സ്: +91 484 2374154; ഇ-മെയിൽ: cs@cial.aero; വെബ്സൈറ്റ്: www.cial.aero

| 7,65,14,950 അവകാശ ഓഹരികളുടെ വിതരണം | |
|---|---|
| റെക്കോർഡ് തീയതി | : 2015 ജൂൺ 24 (ബുധൻ) |
| ഇഷ്യൂ തുടങ്ങുന്ന തീയതി | : 2015 ജൂലൈ 24 (വെള്ളി) |
| ഇഷ്യൂ അവസാനിക്കുന്ന തീയതി | : 2015 ആഗസ്റ്റ് 22 (ശനി) |
| ബുക്ക് ക്ലോഷർ കാലയളവ് | : 2015 ജൂൺ 24 മുതൽ 2015 ജൂലൈ 23 വരെ (ഇരു തീയതികളും ഉൾപ്പെടെ) |

### റെക്കോർഡ് തീയതിയുടെ നോട്ടീസ്

കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ 2015 ജൂൺ 12-ാം തീയതി കൂടിയ ഡയറക്ടർ ബോർഡ് യോഗത്തിൽ വച്ച് കമ്പനിയുടെ റെക്കോർഡ് തീയതി ആധാരമാക്കി, 10 രൂപ മുഖവിലയുള്ള 7,65,14,950 സാധാരണ ഓഹരികൾ 40 രൂപ പ്രീമിയത്തിൽ (വിൽപ്പന വില ഓഹരി ഒന്നിന് 50 രൂപ) നിലവിലുള്ള കമ്പനിയുടെ ഓഹരി ഉടമകൾക്ക് 1:4 എന്ന അനുപാതത്തിൽ (അതായത്, നിലവിലുള്ള നാലു സാധാരണ ഓഹരികൾക്ക് ഒരു സാധാരണ അവകാശ ഓഹരി എന്ന കണക്കിൽ) ആകെ 382,57,47,500 രൂപ സമാഹരിക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു. 2013 ലെ കമ്പനി നിയമം വകുപ്പ് 91 പ്രകാരം മേൽപ്പറഞ്ഞ അവകാശ ഓഹരികളുടെ അർഹത നിശ്ചയിക്കുന്നതിനായി കമ്പനിയുടെ രജിസ്റ്റർ ഓഫ് മെമ്പേഴ്സും ഓഹരി കൈമാറ്റ രജിസ്റ്ററും ബുക്ക് ക്ലോഷർ കാലയളവായ 2015 ജൂൺ 24 മുതൽ 2015 ജൂലൈ 23 വരെ (ഇരു തീയതികളും ഉൾപ്പെടെ) അടയ്ക്കുന്നതിനുള്ള നോട്ടീസ് ഇതിനാൽ നൽകുന്നു. ഓഹരി കൈമാറ്റത്തിന് യോഗ്യമായ എല്ലാ അപേക്ഷകളും 2015 ജൂൺ 23-ാം തീയതി ഓഫീസ് സമയം കഴിയുന്നതിന് മുൻപ് കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിൽ നൽകുന്ന പക്ഷം അവകാശ ഓഹരികൾക്ക് അർഹതയുള്ളതായി കണക്കാക്കപ്പെടും.

കമ്പനിയുടെ ഓഫർ ലെറ്ററും ഓഹരി അപേക്ഷാ ഫോമും ഇഷ്യൂ തുടങ്ങുന്ന തീയതിയ്ക്കു മുമ്പ് യോഗ്യതയുള്ള എല്ലാ ഓഹരി ഉടമകൾക്കും കമ്പനിയിൽ നൽകിയിട്ടുള്ള വിലാസത്തിൽ അയച്ചു നൽകുന്നതാണ്. അവകാശ ഓഹരികളുടെ ഓഫർ ലെറ്ററുകളുടെ വിതരണവും, അവകാശ ഓഹരി വിതരണവും ഇന്ത്യയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് അതത് താമസ പരിധിയിൽ വരുന്ന നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കും നൽകുന്നത്.

ഏതെങ്കിലും ഓഹരി ഉടമയ്ക്ക് 2015 ആഗസ്റ്റ് 8 നകം ഓഫർ ലെറ്ററോ ഓഹരി അപേക്ഷാ ഫോമോ ലഭിച്ചിട്ടില്ലെങ്കിൽ റ്റി രേഖകളുടെ പകർപ്പ് ലഭിക്കുന്നതിനായി കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിൽ കമ്പനി സെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്. ഓഹരി ഉടമകൾക്ക് ഓഫർ ലെറ്ററും ഓഹരി അപേക്ഷ ഫോമും ലഭിക്കാതിരിക്കുകയോ, റ്റി-രേഖകളുടെ പകർപ്പുകൾ ലഭ്യമാകാതിരിക്കുകയോ ചെയ്യുന്ന പക്ഷം, അവകാശ ഓഹരികൾ ലഭിക്കുന്നതിനായി ഓഹരി ഉടമയുടെ പേരും ഫോളിയോ നമ്പറും മറ്റു വിവരങ്ങളും വെള്ള കടലാസിൽ രേഖപ്പെടുത്തി മതിയായ ഓഹരി വിലയുടെ തുകയ്ക്ക് തുല്യമായി കമ്പനിയുടെ പേരിൽ എടുത്തതും എറണാകുളം/കൊച്ചി ശാഖകളിൽ മാറ്റാവുന്നതുമായ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം, ഓഹരി ഇഷ്യൂ അവസാനിക്കുന്ന ദിവസമോ (22-08-2015) അതിനുമുൻപോ കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിലേക്ക് രജിസ്ട്രേഡ് പോസ്റ്റ് വഴി അപേക്ഷിക്കേണ്ടതാണ്.

ഓഹരി ഉടമകൾ, അവരുടെ മേൽവിലാസത്തിൽ മാറ്റങ്ങൾ ഉള്ളപക്ഷം, രജിസ്റ്റർ ഓഫ് മെംബേഴ്സിൽ ഭേദഗതി വരുത്തുന്നതിനായി, റെക്കോർഡ് തീയതിയായ 2015 ജൂൺ 24 ന് മുൻപ് കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

ബോർഡിന്റെ ഉത്തരവുപ്രകാരം
കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനുവേണ്ടി

സ്ഥലം: എറണാകുളം
തീയതി: 12-06-2015

(ഒപ്പ്)
സജി കെ ജോർജ്
കമ്പനി സെക്രട്ടറി

**വ്യക്തിയും വിശേഷവും**

**സിയാലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന  പ്രമുഖ സ്ഥാപനങ്ങളിലെ ശ്രദ്ധേയ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. കസ്റ്റംസ് കമ്മിഷണർ ഡോ. കെ. എൻ. രാഘവൻ ഐ.ആർ.എസ് ആണ് ഈ ലക്കത്തിലെ വ്യക്തി. അദ്ദേഹത്തിന്റെ വിശേഷങ്ങളിലൂടെ.....**



ഡോ.കെ.എൻ.രാഘവനും ഭാര്യ ഡോ.രഞ്ജിനിയും

ഫോട്ടോ കടപ്പാട് : ഡെക്കാൻ ക്രോണിക്കിൾ

# കസ്റ്റംസ്.... ക്രിക്കറ്റ്....കമ്മിഷണർ


ഡോക്ടർമാർ സിവിൽ സർവീസിലെത്തുന്നത് അത്ര അപൂർവമല്ല. സിവിൽ സർവീസുകാർ ക്രിക്കറ്റ് കളിക്കുന്നതിലും അസാധാരണത്വമില്ല. എന്നാൽ കെ.എൻ. രാഘവന്റെ വ്യക്തിവിശേഷം അപൂർവ ചേരുവകളുടേതാണ്. ഡോക്ടർ, അന്താരാഷ്ട്ര ക്രിക്കറ്റ് അംപയർ, എഴുത്തുകാരൻ, കസ്റ്റംസ് കമ്മിഷണർ, ക്വിസ് മാസ്റ്റർ എന്നിങ്ങനെ വൈവിധ്യപൂർണമാണ് രാഘവന്റെ വ്യക്തിത്വം.

''ഈ ജോലികളിൽ ഏറ്റവും സങ്കീർണം ക്രിക്കറ്റ് അംപയറുടേതാണ്. പതിനായിരക്കണക്കിന് ആൾക്കാർ നോക്കിയിരിക്കെ, ഞൊടിയിടയിൽ തീരുമാനമെടുക്കേണ്ടിവരിക ഒരു വെല്ലുവിളി തന്നെയാണ്. സാങ്കേതിക വിദ്യ പുരോഗമിക്കുംതോറും ജോലിയുടെ സംഘർഷങ്ങൾ ലഘൂകരിക്കപ്പെടാത്ത ജോലിയാണിത്'' : കൊച്ചി കസ്റ്റംസ് ഹൗസിലെ ഓഫീസിലിരുന്ന് ഡോ. കെ. എൻ. രാഘവൻ പറയുന്നു. എൺപതുകളുടെ തുടക്കത്തിൽ ഇന്ത്യയിൽ ക്രിക്കറ്റ് ഒരു ലഹരിയായി മാറുന്നതേയുണ്ടായിരുന്നുള്ളൂ. അന്ന് പ്രീഡിഗ്രിക്കാരനായ രാഘവൻ വളരെ വേഗത്തിൽ ക്രിക്കറ്റ് ലഹരിയ്ക്ക് അടിപ്പെട്ടു. ആയിടയ്ക്ക് കേരള ക്രിക്കറ്റ് അസോസിയേഷൻ ഒരു അംപയർ പാനലുണ്ടാക്കാനുള്ള ശ്രമം തുടങ്ങിയിരുന്നു. അസോസിയേഷന്റെ എഴുത്ത്, പ്രാക്ടിക്കൽ പരീക്ഷകൾ രാഘവൻ പാസ്സായി. ഒപ്പം പ്രീഡിഗ്രിയും. അംപയറാവാൻ ഇത്രയും പ്രായം പോരായെന്ന് ഗുരു ശ്രീരാമലു പറഞ്ഞുവെങ്കിലും പരമാവധി പ്രോത്സാഹനം അദ്ദേഹത്തിൽ നിന്ന് ലഭിച്ചു. ക്രിക്കറ്റിനെക്കുറിച്ച് കഴിയുന്നത്ര പഠിച്ചു. 1982-ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്സിന് പ്രവേശനം ലഭിച്ചു. ഒരുവശത്ത് പഠനം, മറുവശത്ത് ക്രിക്കറ്റ് അംപയറിംഗ് എന്നിങ്ങനെ രാഘവന്റെ ജീവിതം സംഭവബഹുലമായിത്തുടങ്ങി. 1989-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫിസിക്കൽ മെഡിസിനിൽ ബിരുദാനന്തര ബിരുദ പഠനത്തിന് ചേർന്നു. തൊട്ടടുത്തവർഷം സിവിൽ സർവീസസ് പരീക്ഷയെഴുതി ഐ.ആർ.എസ് നേടി. ഇന്ത്യൻ കസ്റ്റംസ് പരിശീലനത്തിനിടെ രഞ്ജി ട്രോഫി മത്സരങ്ങളിൽ അംപയറിംഗ് നടത്താനുള്ള യോഗ്യത നേടി. 96-ൽ ബി.സി.സി.ഐയുടെ അഖിലേന്ത്യാ അംപയറിംഗ് ടെസ്റ്റ് കൂടി പാസ്സായതോടെ രാഘവൻ ഇന്റർനാഷണൽ അംപയർമാരുടെ പാനലിൽ ഇടം നേടി. കസ്റ്റംസ് വകുപ്പിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലിയ്ക്കൊപ്പം രഞ്ജി, ദുലീപ്, ദേവ്ധർ ട്രോഫി മത്സരങ്ങൾ നിയന്ത്രിച്ചുതുടങ്ങി. 1998-ൽ കൊച്ചിയിൽ ആദ്യത്തെ അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരം വന്നു. ഇന്ത്യ-ഓസ്ട്രേലിയ മത്സരത്തിൽ തേർഡ് അംപയറാകാനും തുടർന്ന് ഇന്ത്യ-ബംഗ്ലാദേശ്-കെനിയ ത്രിരാഷ്ട്ര ടൂർണമെന്റുകൾ നിയന്ത്രിക്കാനും രാഘവന് അവസരം ലഭിച്ചു. ''ലോകത്ത് ഏറ്റവുമധികം സ്പിന്നർമാരെ തുണയ്ക്കുന്ന പിച്ചാണ് ഇന്ത്യയിലേത്. പിച്ചിന്റെ പരുക്കൻ സ്വഭാവം കാരണം ബോൾ, ബാറ്റിൽ തട്ടി എങ്ങനെ തിരിയുമെന്ന് പ്രവചിക്കാനാവില്ല, അതീവ ജാഗ്രത പുലർത്തിയാലെ സ്ലിപ്, കീപ്പർ ക്യാച്ചുകൾ വിലയിരുത്താനാകൂ. ഇന്ത്യൻ പിച്ചുകളിൽ അംപയറിംഗ് നടത്തുമ്പോഴുള്ള വലിയ വെല്ലുവിളിയും ഇതാണ് '' രാഘവൻ പറയുന്നു. 2002-ൽ റബ്ബർ മാർക്കറ്റിങ് ഫെഡറേഷന്റേയും കോപ്പറേറ്റീവ് മെഡിക്കൽ കോളേജിന്റെ മാനേജിങ് ഡയറക്ടറായി രാഘവൻ കേരളത്തിലെത്തി. 2005-ൽ വീണ്ടും ഡെപ്യൂട്ടേഷനിൽ സിംഗപ്പൂരിലെ ഇന്ത്യൻ എംബസിയിൽ ഒന്നാം സെക്രട്ടറിയായി. 2012 ജൂൺ മുതൽ കൊച്ചിയിൽ കസ്റ്റംസ് കമ്മിഷണർ എന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് രാഘവൻ കാഴ്ചവയ്ക്കുന്നത്. സീപോർട്ടിലെത്തുന്ന കപ്പലുകളിലെ ചരക്ക് റിലീസ് ചെയ്യാൻ സാധാരണഗതിയിൽ 72 മണിക്കൂർ വേണമായിരുന്നു. കസ്റ്റംസ് നടപടികൾ കാര്യക്ഷമമാക്കിയതോടെ സമയദൈർഘ്യം 48 മണിക്കൂറായി കുറയ്ക്കാൻ കഴിഞ്ഞു.

''ഇന്ത്യയിൽ ഏറ്റവുമധികം രാജ്യാന്തര യാത്രക്കാരെ കൈകാര്യം ചെയ്യുന്ന നാലാമത്തെ എയർപോർട്ടാണ് സിയാലിന്റേത്. അതുകൊണ്ടുതന്നെ കസ്റ്റംസ് വിഭാഗത്തിന് പിടിപ്പത് ജോലിയാണ്. പൊതുവെ കരംപിരിക്കുന്നവരെ ആർക്കും ഇഷ്ടമല്ല. ഒരുപാട് കഷ്ടപ്പാടുകളിൽ നിന്നാവും ഗൾഫിൽ നിന്നും മറ്റുമൊക്കെ യാത്രക്കാർ ഇവിടെയെത്തുക. ആ പരിഗണന കസ്റ്റംസിൽ നിന്ന് യാത്രക്കാർക്ക് ലഭിക്കണം. കസ്റ്റംസ് നടപടികളെക്കുറിച്ച് അറിയാത്തവരെ അനുതാപപൂർവം കണക്കിലെടുത്ത് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കണം. ജനങ്ങളെ സഹായിക്കാനുള്ള സർക്കാരിന്റെ ഒരു ഉപാധിയാണ് കസ്റ്റംസ് എന്ന ബോധ്യം ഉണ്ടാക്കാൻ കഴിയണം. അതിനുള്ള നടപടികളാണ് സിയാലിൽ ഞങ്ങൾ ലക്ഷ്യമിടുള്ളത് '' രാഘവൻ പറയുന്നു.

തിരക്കേറിയ ജീവിതത്തിനിടയിൽ രണ്ട് പുസ്തകങ്ങൾ രചിക്കാനും രാഘവന് കഴിഞ്ഞു. ഇതിൽ ഇന്ത്യ-ചൈന യുദ്ധത്തെക്കുറിച്ചുള്ള 'ഡിവൈഡിങ് ലൈൻ' എന്ന പുസ്തകം ഏറെ പ്രശസ്തി നേടി. എം.ബി.ബി.എസ് പഠനകാലത്ത് സഹപാഠിയായിരുന്ന ഡോ. രഞ്ജിനിയാണ് രാഘവന്റെ ഭാര്യ. ഉറക്കക്കുറവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശസ്ത്രക്രിയയിൽ ഏറെ ഗവേഷണം നടത്തിയിട്ടുള്ള ഇ.എൻ.ടി സ്പെഷ്യലിസ്റ്റാണ് രഞ്ജിനി. ഇപ്പോൾ സൺ റൈസ് ആശുപത്രിയിൽ ജോലി ചെയ്യുന്നു. ഏകമകൾ ഐശ്വര്യ അമേരിക്കയിലെ സാൻ ഫ്രാൻസിസ്കോയിൽ ആപ്പിൾ കമ്പ്യൂട്ടേഴ്സിൽ സോഫ്റ്റ്വെയർ ഇൻജിനീയറാണ്.

**-ജെ**




ഡോ.കെ.എൻ.രാഘവനും കുടുംബവും പുസ്തക പ്രകാശന വേളയിൽ



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സിയാൽ സംഘടിപ്പിച്ച ഹരിതവത്ക്കരണ പരിപാടി ഡോ.കെ.എൻ.രാഘവൻ ഉദ്ഘാടനം ചെയ്യുന്നു

# പബ്ലിക് പ്രോവിഡന്റ് ഫണ്ട്: നിക്ഷേപത്തിന് മികച്ച മാർഗം



സമ്പന്നനാവുക എന്നത് ഒട്ടുമിക്ക ആളുകളുടെയും സ്വപ്നമാണ്. കോടീശ്വരൻ ആയില്ലെങ്കിലും അത്യാവശ്യ സമ്പാദ്യമുാവണമെങ്കിൽ കൃത്യമായ മുറക്കുള്ള സമ്പാദ്യശീലം വേണം. ചെറുതെങ്കിലും മാസം തോറുമുള്ള നിക്ഷേപം സ്വഭാവത്തിന്റ, ജീവിതത്തിന്റ ഭാഗമായി മാറണം. ഒഴിവുകഴിവുകൾ പാടില്ലെന്നു ചുരുക്കം. ശരാശരിക്കാരനെ സംബന്ധിച്ച് എറ്റവും സുരക്ഷിതമായ നിക്ഷപമാർഗ്ഗമാണ് പബ്ലിക് പ്രൊവിഡന്റ് ഫണ്ട്. ഒരു പി.പി.എഫ്. അക്കൗണ്ട് അരംഭിക്കാന് 100 രുപ മുടക്കിയാൽ മതി.

സ്വന്തമായി വരുമാനമുള്ള എതൊരു ഇന്ത്യക്കാരനും 100 രൂപ മുടക്കി പി.പി.എഫ്. അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. പോസ്റ്റ് ഓഫീസ്, എസ്.ബി.ഐ മറ്റ് അനുബന്ധ സ്റ്റേറ്റ് ബാങ്കുകളിലും ചില പൊതുമേഖലാ ബാങ്കുകളിലും ഈ സൗകര്യം ലഭ്യമാണ്. രക്ഷകർത്താവിന് പതിനെട്ടു വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി ഒരു സമ്പാദ്യ പദ്ധതി എന്ന നിലയിലും പി.പി.എഫ്. അക്കൗണ്ട് ആരംഭിക്കാവുന്നതാണ്.

### പി.പി.എഫ്. നിക്ഷപപരിധി

ഒരു സാമ്പത്തികവർഷം നിക്ഷേപിക്കേണ്ട ഏറ്റവും കുറഞ്ഞ തുക 500 ഉം കൂടിയ തുക 150,000 ഉം ആണ്.നിക്ഷേപത്തുക ഒന്നിച്ചോ പത്തിന്റ ഗുണിതങ്ങളായോ ഇടാവുന്നതാണ്. ഒരു സാമ്പത്തികവർഷം പന്ത്രണ്ടു തവണകളിൽ കൂടുതലാവാൻ പാടില്ല. നിക്ഷേപത്തിന്റ ഏറ്റവും കുറഞ്ഞ നിരക്കായ 500 രൂപ നിക്ഷേപിക്കാൻ നിങ്ങൾക്ക് സാധിക്കാതെ വരുന്ന പക്ഷം നിങ്ങളുടെ അക്കൗണ്ട് നിർജ്ജീവമായിപ്പോകുന്നതാണ്. പക്ഷേ ഉള്ള നിക്ഷപത്തിന് പലിശ ലഭിക്കുന്നതാണ്. മാത്രമല്ല മുടങ്ങിപ്പോയ തുക അടക്കുന്ന പക്ഷം അക്കൗണ്ടിനെ പുനരുജ്ജീവിപ്പിക്കാവുന്നതാണ്.

### പലിശ കണക്കാക്കൽ

എല്ലാ മാസവും ഒന്നാം തിയതിക്കും അഞ്ചാം തിയതിക്കും ഇടയിൽ നിങ്ങളുടെ അക്കൗണ്ടിലുള്ള ആകെ നിക്ഷേപത്തുകയെ ആധാരമാക്കിയാവും പലിശ നിശ്ചയിക്കുക. പലിശ കൂട്ടുപലിശ നിരക്കിൽ കണക്കാക്കി ഓരോ സാമ്പത്തിക വർഷത്തിനൊടുവിൽ നിങ്ങളുടെ സമ്പാദ്യത്തിന്റെ കൂടെ കൂട്ടിച്ചേർക്കും. പബ്ലിക് പ്രോവിഡന്റ് ഫിന്റെ ഇപ്പോഴത്തെ പലിശ നിരക്ക് 8.70 % ആണ്. നേരത്തെ സൂചിപ്പിച്ചതുപോലെ, കൂട്ടു പലിശ കണക്കാക്കുന്നു വെന്നതാണ് ഈ സമ്പാദ്യപദ്ധതിയുടെ ഏറ്റവും മികച്ച ആനുകൂല്യം. പലിശയ്ക്ക് മേൽ പലിശ ലഭിക്കുന്ന (അതും ഓരോ തവണയും പിൻവലിച്ച് പുനർനിക്ഷേപം നടത്താതെ) ചുരുക്കം ചില നിക്ഷേപ പദ്ധതികൾ മാത്രമേയുള്ളൂ.

### പണം പിൻവലിക്കൽ

കാലം തികയാതെ നിങ്ങൾക്ക് പി.പി.എഫ്. അക്കൗിലെ പണം പിൻവലിക്കാൻ സാധിക്കയില്ല. പക്ഷേ അവശ്യ സാഹചര്യങ്ങളിൽ അക്കൗണ്ടിൽ ഉള്ള തുകയുടെ ഒരു നിശ്ചിത ശതമാനം പിൻവലിക്കാവുന്നതാണ്. ആരംഭിച്ച് ഏഴാമത്തെ വർഷം മുതൽ ഇതു സാധ്യമാണ്. അക്കൗണ്ട് ഉടമ മരണപ്പെടുന്ന പക്ഷം നോമിനിക്ക് മുഴുവൻ തുകയും ലഭിക്കുന്നതാണ്. നോമിനി മൈനറാണെങ്കിൽ പ്രായമെത്തും വരെ കാത്തിരിക്കണം

### ഇരട്ട നികുതിനേട്ടം

പി.പി.എഫ്. നിക്ഷേപത്തിന് 80 സി പ്രകാരം നികുതിയിളവ് ലഭിക്കും. കാലാവധിയെത്തുന്ന പലിശയടക്കമുള്ള നിക്ഷപത്തുകക്കും നികുതിയിളവ് ലഭിക്കുന്നതാണ്. പി.പി.എഫ്. നിക്ഷേപത്തിന് വെൽത്ത് ടാക്സും ബാധമല്ല.

നിങ്ങൾക്ക് ലോൺ ആവശ്യമുണ്ടോ? ചില നിബന്ധനകൾക്കു വിധേയമായി നിങ്ങൾക്കു നിങ്ങളുടെ പി.പി.എഫ്.സമ്പാദ്യത്തിൽ നിന്ന് ലോണെടുക്കാവുന്നതാണ്. ആരംഭിച്ച് മൂന്നാം വർഷം മുതൽ ലോണെടുക്കാവുന്നതാണ്. പലിശ വളരെക്കുറവ്. പക്ഷേ രണ്ടുവർഷത്തിനകം തിരിച്ചടക്കണം. മുടങ്ങിപ്പോയ അക്കൗണ്ടുകൾക്കും, നിഷ്ക്രിയമായ അക്കൗണ്ടുകൾക്കും ലോൺ ലഭിക്കില്ല.

### 15 വർഷത്തിനു ശേഷവും തുടരാവുന്നതാണ്

പി.പി.എഫ്. അക്കൗണ്ട് 15 വർഷത്തിനുശേഷവും നിങ്ങൾക്ക് തുടരാവുന്നതാണ്.തുടർന്ന് നിക്ഷേപം നടത്താം നടത്താതെയുമിരിക്കാം. പലിശ മുടങ്ങാതെ കൂട്ടിച്ചേർത്തുകൊണ്ടേയിരിക്കും.പിൻ വലിക്കാവുന്ന തുകക്ക് പരിധി നിശ്ചയിച്ചിട്ടില്ല. ഒറ്റ കാര്യം മാത്രം വർഷത്തിലൊരിക്കലേ പിൻവലിക്കാൻ അനുവദിക്കൂ.



പ്രാൺ കെ.പിള്ള
ഫിനാൻസ് ഡിപ്പാർട്ട്മെന്റ്





മലിനീകരണ നിയന്ത്രണ ബോർഡ് പുരസ്ക്കാരം മന്ത്രി ശ്രീ. കെ.ബാബുവിൽ നിന്ന് കൊച്ചി വിമാനത്താവള ഡയറക്ടർ ശ്രീ. എ.സി.കെ.നായരും ജനറൽ മാനേജർ ശ്രീ. കെ.പി. തങ്കച്ചനും ചേർന്ന് ഏറ്റുവാങ്ങുന്നു. ശ്രീ. അജിത് കുമാർ.സി.വി (ഡി.ജി.എം-ഇലക്ട്രിക്കൽ) ശ്രീ. ടോണി പി.ജെ. (എ.ജി.എം-ഇലക്ട്രിക്കൽ) എന്നിവർ സമീപം

# സിയാലിന് മലിനീകരണ നിയന്ത്രണ ബോർഡ് അവാർഡ്

ഹരിത ഊർജ രംഗത്തും മാലിന്യ പുന:സംസ്ക്കരണത്തിലും പ്രകടിപ്പിച്ച മികവിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്(സിയാൽ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്ക്കാരം ലഭിച്ചു. 2012 ലും സിയാൽ ഈ പുരസ്ക്കാരത്തിന് അർഹമായിരുന്നു.

സമ്പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ വിമാനത്താവളമാകാനുള്ള ശ്രമങ്ങൾക്കും മാലിന്യ സംസ്ക്കരണ രംഗത്ത് നടത്തിയ ആധുനീകരണത്തിനുമാണ് സിയാലിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചത്. സിയാലിന്റെ 12 മെഗാവാട്ട്

സൗരോർജ പ്ലാന്റ് പൂർത്തിയായി വരികയാണ്. ഉടൻതന്നെ ഇത് കമ്മിഷൻ ചെയ്യാനാകും. ആധുനിക സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് പ്രതിദിനം 750 ഘനയടി മലിനജലം സംസ്ക്കരിക്കാനാകും. ഇപ്രകാരം സംസ്ക്കരിക്കുന്ന ജലം പൂന്തോട്ടങ്ങളിലും ഗോൾഫ് കോഴ്സിലുമാണ് ഉപയോഗിക്കുക. ഇതുകൂടാതെ എയർക്രാഫ്റ്റ് സീവേജ് സംവിധാനവും ബയോഗ്യാസ് പ്ലാന്റും വിമാനത്താവളത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

കോർപറേറ്റ് സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ സമീപത്തെ മൂന്ന് പഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണം നടത്താൻ ജലവിഭവവകുപ്പുമായി സഹകരിച്ച് 85 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന പദ്ധതിയും അവാർഡിനായി പരിഗണിച്ചിട്ടുണ്ട്.

മന്ത്രി ശ്രീ. കെ.ബാബുവിൽ നിന്ന് വിമാനത്താവള ഡയറക്ടർ ശ്രീ. എ.സി. കെ.നായർ, ജനറൽ മാനേജർ (സിവിൽ) ശ്രീ. കെ.പി.തങ്കച്ചൻ എന്നിവർ ചേർന്ന് പുരസ്ക്കാരം ഏറ്റുവാങ്ങി.



ഒരു വിഷൻ, മിഷൻ ശില്പശാലയിൽ നിന്ന്

# വിഷൻ, മിഷൻ towards...2023

**സിയാലിന്റെ വികസന പാതയിൽ ഉണർവിന്റെ പുതിയ പ്രകാശം തെളിയിച്ച് മുന്നേറുന്ന വിഷൻ, മിഷൻ സംരംഭം രണ്ടാംഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. കമ്പനിയുടെ ലക്ഷ്യവും മൂല്യങ്ങളും എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുക എന്ന ആദ്യഘട്ടത്തിന്റെ വിജയ പാഠം പകർന്ന പ്രചോദനവുമായാണ് രണ്ടാംഘട്ടം തുടങ്ങുകയെന്ന് എച്ച്. ആർ.വിഭാഗം മേധാവി ശ്രീ.ജയരാജൻ വി. പറയുന്നു.**

പുരോഗതി ലക്ഷ്യമാക്കി മുന്നേറിക്കൊണ്ടിരിക്കുന്ന ഏതൊരു കമ്പനിക്കും വ്യക്തമായ വീക്ഷണവും ലക്ഷ്യവും ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ മുറുകെപ്പിടിക്കേണ്ടുതായ മൂല്യങ്ങളും ഉണ്ടായിരിക്കും. നമ്മുടെ കമ്പനിക്കും അത്തരമൊരു വ്യക്തമായ വീക്ഷണവും ലക്ഷ്യവും മൂല്യങ്ങളും ഉണ്ടായിരിക്കേത് അത്യാവശ്യമായിരുന്നു. നമ്മുടെ കമ്പനിയുടെ വീക്ഷണവും ലക്ഷ്യവും മൂല്യങ്ങളും നിർണ്ണയിക്കുതിനായി ഏണസ്റ്റ്- യങ്ങ് എന്ന ലോകോത്തര കൺസൾട്ടിങ്ങ് കമ്പനിയെ നാം നിയോഗിച്ചു. ഏണസ്റ്റ് – യങ്ങ് നമുക്കുവേണ്ടി നമ്മുടെ ഉദ്യോഗസ്ഥ തലത്തിൽ നടത്തിയ ചർച്ചകൾ, ജീവനക്കാരുടെയിടയിൽ നടത്തിയ ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനുകൾ, സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസുകൾ എന്നിവ വഴി നമ്മുടെ വീക്ഷണവും ലക്ഷ്യവും മൂല്യങ്ങളും കണ്ടെത്തുകയും 2015 ഫെബ്രുവരി മാസം 15–ാം തിയതി മാനേജിങ്ങ് ഡയറക്ടർ ശ്രീ. വി ജെ കുര്യൻ ഐഎഎസ് അവ നമ്മുടെ മുമ്പാകെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

## നമ്മുടെ വീക്ഷണം

**'വ്യോമയാന രംഗത്തും മറ്റു മേഖലകളിലുമുള്ള പ്രവർത്തന മികവിലൂടെ ജീവിതാഭിവൃദ്ധി'**

വ്യോമയാനം, അടിസ്ഥാന സൗകര്യ വികസനം, അനുബന്ധ വ്യവസായങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ ചെലുത്തി, വളർച്ച ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന, ആഗോളതലത്തിൽ അംഗീകരിക്കപ്പെടുന്ന ഒരു സ്ഥാപനമാക്കി സിയാലിനെ മാറ്റുക എതാണ് നമ്മുടെ കാഴ്ചപ്പാട്. നമ്മുടെ എല്ലാ ഉപഭോക്താക്കൾക്കും മികച്ച സേവനം നൽകുന്നതിന്റെ പേരിലാവും നാം അറിയപ്പെടുക. പ്രചോദിതരും, കർമ്മശേഷിയുള്ളവരുമായ ജീവനക്കാർ, സുശക്തമായ നേതൃത്വം, സുതാര്യമായ പ്രവർത്തനം എന്നിവയിലൂടെ സാമൂഹിക സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുതിനും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് ജീവിതോന്നമനം കൈവരിക്കുവാൻ സഹായകമാകുതിനും നാം സദാ പരിശ്രമിക്കുതാണ്.

## നമ്മുടെ ദൗത്യം

**'2023 ഓടെ 3000 കോടി രൂപ വാർഷിക വരുമാനമുള്ള കമ്പനിയായി മാറുക'.**

ഇതിൽ 20 ശതമാനം വ്യോമഗതാഗതവുമായി ബന്ധപ്പെട്ട വരുമാനവും, 30 ശതമാനം വിമാനത്താവളവുമായി ബന്ധപ്പെട്ട ഇതര വരുമാനവും, 50 ശതമാനം വ്യോമയാനേതര മേഖലകളിൽ നിന്നുള്ള വരുമാനവും ആയിരിക്കും'



## നമ്മുടെ മൂല്യങ്ങൾ

### ഉപഭോക്തൃ സംതൃപ്തി

ഉപഭോക്താവിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി മികച്ച സേവനം നൽകി നമ്മുടെ ഉപഭോക്താക്കളെ സംതൃപ്തരാക്കുക.

### സത്യനിഷ്ഠ

അവനവനോടും സിയാലിനോടും സമൂഹത്തോടും സത്യസന്ധവും സുതാര്യവുമായ പ്രവർത്തനശൈലി സ്വീകരിക്കുക. ചെയ്യുന്ന ഓരോ പ്രവൃത്തിയിലും നീതിയും ധാർമ്മികതയും ഉറപ്പാക്കുക. അതുവഴി ഓരോ പ്രവൃത്തിയും പ്രതീക്ഷയ്ക്കൊത്ത് നിർവ്വഹിക്കുക.

### അർപ്പണബോധം

അർപ്പിതമായ കർത്തവ്യം നിർവ്വഹിക്കുതിനായി ആത്മാർത്ഥമായി ശ്രമിക്കുക.

### കൂട്ടായ പ്രവർത്തനം

സിയാലിനകത്തും, സിയാലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക എല്ലാവരുമായും ചേർന്ന് കൂട്ടായ പ്രവർത്തനത്തിലൂടെ മികച്ച സേവനം ഉറപ്പുവരുത്തുക.

### സുരക്ഷ

നമ്മുടെ ഉപഭോക്താക്കളുടെയും ജീവനക്കാരുടെയും സമൂഹത്തിന്റെയും സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകുകയും, അതിനായി ലോകോത്തര നിലവാരമുള്ള സംവിധാനങ്ങളും നടപടിക്രമങ്ങളും ഉചിതമായ പ്രവർത്തനശൈലിയും സ്വീകരിക്കുകയും ചെയ്യുക.

### സാമൂഹിക പ്രതിബദ്ധത

പരിസ്ഥിതിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും നടപടിക്രമങ്ങളും നടപ്പിലാക്കുകയും സമൂഹവുമായി ചേർന്ന് പ്രവർത്തിച്ച് അവരുടെ ജീവിതനിലവാരം ഉയർത്താൻ ശ്രമിക്കുകയും ചെയ്യുക.

നമ്മുടെ വീക്ഷണവും, ലക്ഷ്യവും ഉത്കൃഷ്ടമായ മൂല്യങ്ങളും നമ്മുടെ ജീവനക്കാരിലേക്കും, നമുക്കു ചുറ്റുമുള്ള സമൂഹത്തിലേക്കും എത്തിക്കുതിനായി മൂല്യാധിഷ്ഠിത ശില്പശാലകൾ (വാല്യൂ വർക്ക്ഷോപ്പ്) സംഘടിപ്പിച്ചു. ഈ ശില്പശാലകൾ കൈകാര്യം ചെയ്യുതിനായി നമ്മുടെ ഇടയിൽ നിന്നും 21 ജീവനക്കാർ സ്വമേധയാ മുമ്പോട്ടു വരികയുണ്ടായി. അവരെ ശില്പശാലകൾ കൈകാര്യം ചെയ്യുതിന് ട്രെയ്ൻ ദി ട്രെയ്നർ മാതൃകയിൽ 2014 ജൂലൈ 7, 8, 9 തിയതികളിലായി മൂന്ന് ദിവസത്തെ പരിശീലനം നൽകി. ജെ.സി. ഐ ഇന്റർനാഷണൽ ട്രെയ്നർ അഡ്വക്കേറ്റ് എ വി വാമനകുമാർ ആയിരുന്നു പരിശീലകൻ.

2014 ഓഗസ്റ്റ് 14–ാം തിയതി ആദ്യത്തെ മൂല്യാധിഷ്ഠിത ശില്പശാല നടന്നു. സെക്യൂരിറ്റി വിഭാഗത്തിലെ ജീവനക്കാരായിരുന്നു പങ്കെടുത്തത്. തുടർന്ന് 2015 ജനുവരി മാസം 31–ാം തിയതി വരെയായി നടന്ന 18 ശില്പശാലകളിലായി 441 ജീവനക്കാർ പങ്കെടുത്തു. നമ്മുടെ ജീവനക്കാർ തന്നെ ശില്പശാലകൾ കൈകാര്യം ചെയ്തത് വളരെ നല്ലകാര്യമാണ്. വളരെ മനോഹരമായാണ് അവർ മൂല്യങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്തത്. അതുകൊണ്ടു തന്നെ ഈ മൂല്യങ്ങൾക്ക് എത്രത്തോളം പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കുവാനും, നമ്മുടെ കമ്പനി ഈ മൂല്യങ്ങളെ എത്രത്തോളം വിലമതിക്കുന്നു എന്ന് മനസ്സിക്കുവാനും കഴിഞ്ഞു.

രണ്ടാംഘട്ടത്തിൽ കുറച്ചുകൂടി വിശാലവും സങ്കീർണവുമായ രംഗമാണ് നമ്മെ കാത്തിരിക്കുന്നത്. സി.ഐ.എസ്.എഫ്, കസ്റ്റംസ് തുടങ്ങിയുള്ള കേന്ദ്രസർക്കാർ ഏജൻസിമുതൽ ഹൗസ് കീപ്പിങ് ജോലികൾവരെ ചെയ്യുന്ന അയ്യായിരത്തോളം വരുന്ന ജീവനക്കാരിലേയ്ക്ക് സിയാൽ ദർശനവും മൂല്യവും എത്തിക്കുക എന്നതാണ് രണ്ടാംഘട്ടത്തിൽ ഉദ്യേശിക്കുന്നത്. രണ്ടാംഘട്ടത്തിന് ഉപയോഗിക്കാവുന്ന തരത്തിൽ വീഡിയോ ഉൾപ്പെടെയുള്ള പരിശീലന ഉപാധികൾ തയ്യാറാക്കിയിട്ടുണ്ട്. വൈകാതെ തന്നെ സിയാലിന്റെ മൂല്യങ്ങൾ ഈ വലിയ സദസ്സിലേയ്ക്ക് പകരാൻ കഴിയുമെന്ന പ്രതീക്ഷയാണ് എച്ച്. ആർ.വിഭാഗത്തിന്

CIAL
COCHIN INTERNATIONAL AIRPORT LIMITED



## എ.എം.ഷബീർ ഐ.ഇ.ഐ ഫെലോ മെമ്പർ

ഇന്ത്യയിലെ ഇൻജിനീയർമാരുടെ ദേശീയ സമിതിയായ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻജിനീയേഴ്സിന്റെ ഫെലോ മെമ്പറായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.എ.എം.ഷബീർ തിരഞ്ഞെടുക്കപ്പെട്ടു.

ആഗോളാടിസ്ഥാനത്തിൽ അംഗീകാരമുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻജിനീയേഴ്സിൽ ആറ് ലക്ഷത്തോളം പേർ അംഗങ്ങളായുണ്ട്. സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ ഉയർന്ന സ്ഥാനം വഹിക്കുന്ന ഇൻജിനീയറിങ് പ്രൊഫഷണലുകൾക്കാണ് ഫെലോ അംഗത്വം ലഭിക്കുക. നിശ്ചിത അക്കാദമിക് യോഗ്യത നേടി 20 വർഷം കഴിഞ്ഞവർക്കും നിർദിഷ്ട തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവർക്കുമാണ് ഫെലോ അംഗത്വത്തിന് അർഹതയുള്ളത്. സ്ട്രക്ചറൽ എൻജിനീയറങ്ങിൽ ബിരുദാനന്തര ബിരുദവും എം.ബി.എയും നേടിയിട്ടുള്ള ശ്രീ. ഷബീർ 2009 മുതൽ സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരുന്നു.

കൊച്ചി വിമാനത്താവള ഡയറക്ടർ ശ്രീ.എ.സി.കെ.നായർ കഴിഞ്ഞ വർഷം ഐ.ഇ.ഐയുടെ ഫെലോ മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.



സ്തുത്യർഹ സേവനത്തിനുശേഷം വിരമിച്ച ടി.ടി.അവറാച്ചൻ (കൊമേഴ്സ്യൽ വിഭാഗം)

## ചുമതലയേറ്റു



സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിൽ അസിസ്റ്റന്റ് ജനറൽ മാനേജറായി ചുമതലയേറ്റ മിനി ജോസഫ്



ഫെബ്രുവരിയിൽ കോഴിക്കോട് വച്ചു നടന്ന കേരള സ്റ്റേറ്റ് മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ഹൈജമ്പിൽ വെള്ളി മെഡൽ നേടിയ പവിത്രൻ വി.പി. (സീനിയർ മാനേജർ, കാർഗോ)


## എല്ലാ വിഷയങ്ങൾക്കും എ.വൺ : സി.ബി.എസ്.ഇ പത്താംക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ.വൺ നേടിയ മിടുക്കർ :



അഭിഷേക് എസ്.
(s/o ശ്രീ.ശങ്കർ, സീനിയർമാനേജർ, സി.ഐ.എ.എസ്.എൽ.



അനു ജേക്കബ്
(d/o ശ്രീ. ജേക്കബ് എബ്രഹാം, സീനിയർ മാനേജർ-കൊച്ചിൻ ഡ്യൂട്ടി ഫ്രീ)



കപിൽ കൃഷ്ണ
(s/o ശ്രീ.ഗോപാൽ കൃഷ്ണ, ടി.ആർ, ജനറൽ മാനേജർ-സിവിൽ)



അഞ്ജന സാറ എബ്രഹാം
(d/o ശ്രീ. എബ്രഹാം ജോസഫ്, സീനിയർ മാനേജർ-ഓപ്പറേഷൻസ്)




റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഡൗൺ ടൗൺ എയർപോർട്ട് ഡയറക്ടർ ശ്രീ.എ.സി.കെ.നായരെ ആദരിച്ചപ്പോൾ





കൊച്ചിൻ ഇന്റർനാഷണൽ ഹാഫ് മാരതണിൽ (റൺ കൊച്ചി റൺ) പങ്കെടുത്ത സിയാൽസെക്യൂരിറ്റി വിഭാഗം ടീം



കൊച്ചി ടി.സി.എസ് സംഘടിപ്പിച്ച ചാരിറ്റി റണ്ണിൽ പങ്കെടുത്ത സിയാൽസെക്യൂരിറ്റി വിഭാഗം ടീം

## മാത്തമാറ്റിക്സിൽ ഡോക്ടറേറ്റ്




എം.ജി.സർവകലാശാലയിൽനിന്ന് മാത്തമാറ്റിക്സിൽ ഡോക്ടറേറ്റ് നേടിയ ശ്രീമതി കെ. മീന (ല്ക്ചറർ, മുത്തൂറ്റ് കോളേജ് ഓഫ് ഇൻജിനീയറിങ്, പുത്തൻകുരിശ്). ' ആപ്ലിക്കേഷൻ ഓഫ് ഇന്റ്യൂഷനിസ്റ്റിക് ഫസി സെറ്റ് ഇൻ റിംഗ് ' എന്ന വിഷയത്തിലാണ് ശ്രീമതി കെ.മീന ഗവേഷണം നടത്തിയത്. സിയാൽ സിവിൽ ജനറൽ മാനേജർ ശ്രീ.ടി.ആർ.ഗോപാലകൃഷ്ണയുടെ ഭാര്യയാണ് ശ്രീമതി മീന

## ഒന്നാം ജന്മദിനം



ബേസിൽ
(കാർഗോ ഡിപ്പാർട്ട്മെന്റിൽ എം.ടി.സാബോറിന്റേയും സിവിൽ ഡിപ്പാർട്ട്മെന്റിലെ റാഹേൽ സാബോറിന്റേയും പേരക്കുട്ടി)


## നവദമ്പതിമാർ



ഡോ.ഫർസീനും (സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.എ.എം. ഷബീറിന്റേയും ശ്രീമതി ഷീജ എ.യുടേയും മകൾ) ഡോ. ഇജാസും



റഹാനയും (സിയാൽ സീനിയർ മാനേജർ - ഇലക്ട്രിക്കൽ - ശ്രീ. എം. കെ. അബ്ദുൾ സലാമിന്റേയും ഡോ.ഖദീജ സലാമിന്റേയും മകൾ) ഡോ. സുബൈറും.



ബിജോ സാബോറും (കാർഗോ ഡിപ്പാർട്ട്മെന്റിൽ എം.ടി.സാബോറിന്റേയും സിവിൽ ഡിപ്പാർട്ട്മെന്റിലെ റാഹേൽ സാബോറിന്റേയും മകൻ) ദിയയും

# എന്റെ സിയാലിന് രണ്ട് പുരസ്ക്കാരങ്ങൾ

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഇൻഹൗസ് ജേർണലായ എന്റെ സിയാൽ ജനുവരി-ഏപ്രിൽ ലക്കത്തിന് രണ്ട് പുരസ്ക്കാരങ്ങൾ ലഭിച്ചു. പബ്ലിക് റിലേഷൻസ് സൊസൈറ്റി ഓഫ് ഇന്ത്യയും എറണാകുളം പ്രസ്ക്ലബും സംയുക്തമായി ഏർപ്പെടുത്തിയ 'നിബ്' അവാർഡും മുംബൈ എഫ്.ഇ.ഐ കാർഗോയുടെ ട്രസ്റ്റായ ശൈലജ നായർ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ 'ഇൻഹൗസ് കമ്മ്യൂണിക്കേഷൻ എക്സലൻസ് (ഐ.സി.ഇ) പുരസ്ക്കാരവുമാണ് എന്റെ സിയാലിന് ലഭിച്ചത്.

പബ്ലിക് റിലേഷൻസ് മേഖലയിലെ ദേശീയ സംഘടനയായ പി.ആർ.എസ്.ഐ ഇതാദ്യമായാണ് എറണാകുളം പ്രസ്ക്ലബ്ബുമായി ചേർന്ന് അവാർഡ് ഏർപ്പെടുത്തിയത്. സർക്കാർ ഇതര സ്ഥാപനങ്ങളിൽ കണ്ടന്റ്-ഫോട്ടോഗ്രഫി വിഭാഗത്തിലാണ് 'എന്റെ സിയാലിന്' പുരസ്ക്കാരം ലഭിച്ചത്. എറണാകുളം ഗേറ്റ് വെ ഹോട്ടലിൽ നടന്ന ചടങ്ങിൽ ബഹു.മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിയിൽ നിന്ന് സിയാൽ കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ മാനേജർ ശ്രീ.പി.എസ്.ജയൻ പുരസ്ക്കാരം ഏറ്റുവാങ്ങി.








ശൈലജ നായർ ഫൗണ്ടേഷൻ ഇത് എട്ടാംവർഷമാണ് ഇൻ ഹൗസ് മാഗസിനുകൾക്കായി പുരസ്ക്കാരം നൽകുന്നത്. പ്രാദേശിക ഭാഷാ മാഗസിനുകളിൽ മൂന്നാം സ്ഥാനമാണ് 'എന്റെ സിയാലിന്' ലഭിച്ചത്. മഹാരാഷ്ട്ര പോലീസിന്റെ 'ദക്ഷത ' ഒന്നാം സ്ഥാനവും ദൈനിക് ഭാസ്ക്കർ പത്രത്തിന്റെ 'സംവാദ് ' രണ്ടാം സ്ഥാനവും നേടി. മുംബൈ ക്രിക്കറ്റ് ക്ലബ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രശസ്ത സംവിധായകനും മുംബൈ മുൻ ഷെരീഫുമായ ശ്രീ. കിരൺ ശാന്താറാമിൽ നിന്ന് സിയാൽ കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ മാനേജർ ശ്രീ.പി.എസ്.ജയൻ പുരസ്ക്കാരം ഏറ്റുവാങ്ങി.

## പെയിന്റിങ്









അന്ന
(d/o മാത്യു എം.വർഗീസ്,
ഇലക്ട്രിക്കൽ)



അൽഫോൺസ് വർക്കി വിനോദ്
( s/o അഞ്ജു ടി.ടി,
സീനിയർ അസിസ്റ്റന്റ്)



ആൻ മേരി എബ്രഹാം
(d/o : എബ്രഹാം സക്കറിയ,
മാനേജർ-ഓപ്പറേഷൻസ്)





മന്ത്രിമാരായ ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടിയും ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞും സിയാൽ ഹാംഗർ സന്ദർശിക്കുന്നു. ഹജ്ജ് കമ്മറ്റി ചെയർമാൻ ശ്രീ. കോട്ടുമല ടി. എം. ബാപ്പുമുസലിയാർ, ശ്രീ. അൻവർ സാദത്ത് എം.എൽ.എ, സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. എ. എം .ഷബീർ തുടങ്ങിയവർ സമീപം

## ഹജ്ജ് ക്യാമ്പ്: മന്ത്രിമാർ സിയാൽ ഹാംഗർ സന്ദർശിച്ചു

ഹജ്ജ് ക്യാമ്പ് നിർമിക്കാൻ നിശ്ചയിച്ചിട്ടുള്ള സിയാലിന്റെ എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാംഗർ മന്ത്രിമാരായ പി. കെ. കുഞ്ഞാലിക്കുട്ടിയും വി. കെ. ഇബ്രാഹിം കുഞ്ഞും സന്ദർശിച്ചു. ചെയർമാൻ കോട്ടുമല ടി.എം. ബാപ്പു മുസലിയാരുടെ നേതൃത്വത്തിൽ ഹജ്ജ് കമ്മറ്റി അംഗങ്ങളും സൗകര്യങ്ങൾ വിലയിരുത്തി.
കരിപ്പൂർ വിമാനത്താവളത്തിൽ റൺവെ അറ്റകുറ്റപ്പണി നടക്കുന്ന സാഹചര്യത്തിലാണ് ഈ വർഷത്തെ ഹജ്ജ് സർവീസുകൾ കൊച്ചി വിമാനത്താവളത്തിലേയ്ക്ക് മാറ്റുന്നത്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (സിയാൽ) രണ്ട് എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാംഗറുകളിലൊന്നിൽ ഹജ്ജ് ക്യാമ്പ് നിർമിക്കാനാണ് കമ്മറ്റി നിശ്ചയിച്ചിട്ടുള്ളത്. അരലക്ഷം ചതുരശ്രയടി വിസ്തീർണമുള്ളതാണ് ഈ ഹാംഗർ. കൊച്ചി വിമാനത്താവള എക്സിക്യൂട്ടീവ് ഡയറക്ടറും ഹജ്ജ് ക്യാമ്പ് ഏകോപന സമിതി അധ്യക്ഷനുമായ ശ്രീ. എ. എം. ഷബീർ ഹാംഗറിന്റെ സൗകര്യങ്ങൾ വിശദീകരിച്ചു. ഹാജിമാർക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കാൻ ഈ ഹാംഗറിൽ കഴിയുമെന്ന് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി അറിയിച്ചു. ശ്രീ. അൻവർ സാദത്ത് എം. എൽ. എ, കെ.പി.സി.സി സെക്രട്ടറി ശ്രീ. ബി. എ.അബ്ദുൾ മുത്തലീബ്, ഹജ്ജ് കമ്മറ്റി അസി.സെക്രട്ടറി ശ്രീ. ഇ.സി.മുഹമ്മദ്, കമ്മറ്റി അംഗം ശ്രീ. അഹമ്മദ് മൂപ്പൻ, സിയാൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ശ്രീ. ആർ. വെങ്കിടേശ്വരൻ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

## കൊച്ചിൻ മാസ്റ്റേഴ്സ് സീരീസ് : മുകേഷ് ചാമ്പ്യൻ

സിയാൽ ഗോൾഫ് ആന്റ് കൺട്രി ക്ലബ്ബിൽ നടന്ന പി.ജി.ടി.ഐ കൊച്ചിൻ മാസ്റ്റേഴ്സ് സീരീസ് ഗോൾഫിൽ മധ്യപ്രദേശ് സ്വദേശി മുകേഷ് കുമാർ ചാമ്പ്യനായി. സ്കോർ: 14-അണ്ടർ-274 . നിലവിലെ ചാമ്പ്യൻ ശുഭാങ്കർ ശർമയും രാഹിൽ ഗഞ്ചിയും രണ്ടാം സ്ഥാനം പങ്കിട്ടു. സ്കോർ: 12-അണ്ടർ-276
മൊത്തം 55 ലക്ഷം രൂപ സമ്മാനത്തുകയുള്ള കൊച്ചിൻ മാസ്റ്റേഴ്സ് സീരീസിൽ ഒന്നാംസ്ഥാനക്കാരനായതോടെ മുകേഷ് കുമാർ എട്ടേകാൽ ലക്ഷം രൂപയ്ക്ക് അർഹനായി. വൻകിട താരങ്ങളും യുവാക്കളുമായ ചിക്കരംഗപ്പയേയും റാഷീദ് ഖാനേയൊമൊക്കെ പിന്തള്ളിയാണ് നാൽപ്പത്തിയൊമ്പതുകാരനായ മുകേഷ് ചാമ്പ്യനാകുന്നത്. ഇന്ത്യയിൽ ഏറ്റവുമധികം ഗോൾഫ് ടൂർണമെന്റുകളിൽ കിരീടമണിഞ്ഞിട്ടുള്ളയാളാണ് മുകേഷ്. ഇത് തന്റെ 120-ാം ട്രോഫിയാണെന്ന് മുകേഷ് പറഞ്ഞു.
എയർപോർട്ട് ഡയറക്ടർ എ.സി.കെ.നായർ വിജയികൾക്ക് ട്രോഫി സമ്മാനിച്ചു. പി.ജി.ടി.ഐ ഡയറക്ടർ പദംജിത്ത് സന്ധു, മാരിയറ്റ് അസോസിയേറ്റ് ഡയറക്ടർ റയാൻ കോർണീലിയോ, കൊച്ചിൻ എയർപോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ എ.എം.ഷബീർ, സിയാൽ ഗോൾഫ് ആന്റ് കൺട്രി ക്ലബ് അഡ്വൈസർ മേജർ ജനറൽ (റിട്ട.) എ.ജെ. കോശി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# അഗ്നിശമന ബോധവത്ക്കരണം




സിയാൽ സെൻട്രൽ ബ്ലോക്കിൽ നടക്കുന്ന അഗ്നിശമന ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി നടക്കുന്ന സുരക്ഷാ ഉപകരണങ്ങളുടെ പ്രദർശനത്തിൽ നിന്ന്



ദേശീയതലത്തിൽ ആചരിക്കുന്ന അഗ്നിശമന വാരാചരണത്തിന്റെ ഭാഗമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ യാത്രക്കാർക്കും പൊതുജനങ്ങൾക്കുമായി ബോധവത്ക്കരണ പരിപാടി നടത്തി. സിയാൽ അഗ്നിശമന സുരക്ഷാ സേന (എ.ആർ.എഫ്.എഫ്)യാണ് പരിപാടി സംഘടിപ്പിച്ചത്.

വിമാനത്താവളത്തിന്റെ സെൻട്രൽ ബ്ലോക്കിന്റെ മുൻഭാഗത്ത് താൽക്കാലികമായുണ്ടാക്കിയ ഹാളിലാണ് ബോധവത്ക്കരണ പരിപാടി നടന്നത്. അഗ്നിശമന രംഗത്ത് ഉപയോഗിക്കുന്ന ആധുനിക ഉപകരണങ്ങളുടെ പ്രദർശനം, ഡെമോൺസ്ട്രേഷൻ എന്നിവയും ഇവിടെ ഒരുക്കിയിട്ടുണ്ട്. ബോധവത്ക്കരണത്തെക്കുറിച്ച് എ.ആർ.എഫ് എഫ് തയ്യാറാക്കിയ പത്തുമിനിട്ട് വീഡിയോയും ഇവിടെ പ്രദർശിപ്പിച്ചു. എയർപോർട്ട് ഡയറക്ടർ ശ്രീ.എ.സി.കെ.നായർ പ്രദർശനം ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.എ.എം.ഷബീർ, ചീഫ് ഫിനാഷ്യൽ ഓഫീസർ ശ്രീ. സുനിൽ ചാക്കോ എന്നിവർ പങ്കെടുത്തു. എ.ആർ.എഫ്.എഫ് മാനേജർമാരായ ശ്രീ. സോജൻ കോശി, വി.പി. പവിത്രൻ എന്നിവർ പ്രദർനത്തിനും ഡെമോൺസട്രേഷനും നേതൃത്വം നൽകി.



ഫയർ സർവീസ് വാരാഘോഷത്തോടനുബന്ധിച്ച് എ.ആർ.എഫ്.എഫ് നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർ.

ഫയർ എക്സിറ്റിംഗ്യൂഷിങ് ഓപ്പറേഷൻ:

വനിതാവിഭാഗം: 1. സൗമ്യ (സി.ഐ.എസ്.എഫ്),2. ഹണി റാഫേൽ (ബി.ഡബ്ല്യൂ.എഫ്.എസ്), 3.രതി കെ.എ ( സിയാൽ സെക്യൂരിറ്റി)

പുരുഷവിഭാഗം : 1. വർഗീസ് പി.കെ. (സിയാൽ ഇലക്ട്രിക്കൽ) 2.ജോബ് വർഗീസ് (കാർഗോ), ശരത് വാര്യർ

എ.സി.എഫ്.ടി ഡ്രൈവിങ് കോംപറ്റീഷൻ (എ.ആർ.എഫ്.എഫ്)

1.ജെയ്ജോ സേവ്യർ, 2.ജിതേഷ് സി, 3.ബിജു കെ.പോൾ

എ.സി.എഫ്.ടി-പെർഫോമൻസ് കോംപറ്റീഷൻ (എ.ആർ.എഫ്.എഫ്)

1.ലിനു ചാണ്ടി, 2.ജിംസ് വർഗീസ്, 3.സിജോ ജോയ്

ടാർജറ്റ് ഹിറ്റ് കോംപറ്റീഷൻ (എ.ആർ.എഫ്.എഫ് -ടീം ഇനം)
1. ജിജോ സേവ്യർ, ജിജു പി.വി, മാർട്ടിൻ എ.ഐ
2.നവാസ് എൻ.കെ., ജിംസ് വർഗീസ്, ബിജു കെ.പോൾ

ഉപന്യാസ രചന: 1. രത്ന കുമാർ സി (സിയാൽ സെക്യൂരിറ്റി), ബിനു കെ.ഒ (ഇലക്ട്രിക്കൽ), കൃഷ്ണകുമാർ എൻ. (ഐ.ടി)



സൗമ്യ (സി.ഐ.എസ്.എഫ്)



ഹണി റാഫേൽ (ബി.ഡബ്ല്യൂ.എഫ്.എസ്)



വർഗീസ് പി.കെ. (സിയാൽ ഇലക്ട്രിക്കൽ)



രത്ന കുമാർ സി (സിയാൽ സെക്യൂരിറ്റി)

# കൊച്ചിൻ ഡ്യൂട്ടി ഫ്രീ:
# മൂന്ന് കാറുകൾ സമ്മാനമായി നൽകി




കൊച്ചിൻ ഡ്യൂട്ടി ഫ്രീ സമ്മാനപദ്ധതിയിലെ വിജയികൾ മാനേജിങ് ഡയറക്ടർ ശ്രീ.വി.ജെ.കുര്യൻ ഐ.എ.എസിൽ നിന്ന് കാറുകളുടെ താക്കോലുകൾ ഏറ്റുവാങ്ങുന്നു

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ റീട്ടെയിൽ വിഭാഗമായ കൊച്ചിൻ ഡ്യൂട്ടി ഫ്രീയിൽ നിന്ന് നവമ്പർ-ജനുവരി സീസണിൽ ഷോപ്പിങ് നടത്തിയവർക്കായി ഏർപ്പെടുത്തിയ പ്രൊമോഷൻ പദ്ധതിയിൽ വിജയികളായവർക്ക് മൂന്ന് കാറുകൾ സമ്മാനമായി നൽകി.

ഡ്യൂട്ടി ഫ്രീയിലെ സപ്ലൈയറായ പെർണാർഡ്-റിക്കാർഡുമായിച്ചേർന്നാണ് സമ്മാന പദ്ധതി നടപ്പിലാക്കിയത്. ഒരു നിസാൻ ടെറാനോ കാറും രണ്ട് നിസാൻ മൈക്ര കാറുകളുമാണ് സമ്മാനമായി നൽകിയത്. സിയാൽ മാനേജിങ് ഡയറക്ടർ ശ്രീ. വി.ജെ. കുര്യൻ ഐ.എ.എസ് കാറിന്റെ താക്കോൽ വിതരണം ചെയ്തു. ഒന്നാം സമ്മാനം നേടിയ മലയാറ്റൂർ വിമലഗിരി സ്വദേശി അഞ്ജുവർഗീസിനുവേണ്ടി ബന്ധു കെ.വി.ജോണി, രണ്ടാം സമ്മാനാർഹരായ കോഴിക്കോട് തിരുവണ്ണൂർ സ്വദേശി രാമചന്ദ്രൻ, ചാലക്കുടി വീലിക്കുളങ്ങര സ്വദേശി ഡിപ്പി ജോർജിനുവേ ബന്ധു സേവ്യർ ജോർജ് എന്നിവർ കാറിന്റെ താക്കോലുകൾ ഏറ്റുവാങ്ങി. കാറുകളും സ്വർണനാണയങ്ങളും ഡിസ്കൗണ്ടുകളുമുൾപ്പെടെ മൊത്തം 3.7 കോടി രൂപയുടെ സമ്മാനങ്ങളാണ് ഈ സീസണിൽ മാത്രം കൊച്ചിൻ ഡ്യൂട്ടി ഫ്രീയിൽ നിന്ന് ഉപഭോക്താക്കൾക്ക് നൽകിയത്.

എയർപോർട്ട് ഡയറക്ടർ ശ്രീ എ.സി. കെ.നായർ, എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ എ.എം.ഷബീർ, ഡ്യൂട്ടി ഫ്രീ സീനിയർ മാനേജർ ശ്രീ. ജേക്കബ് ടി.എബ്രഹാം, ഡ്യൂട്ടി ഫ്രീ മാനേജ്മെന്റ് പാർട്ട്ണറായ ആൽഫ ക്രിയോൾ ഡയറക്ടർ ശ്രീ ലാൽ എ.എസ്, പെർണാർഡ്-റിക്കാർഡ് പ്രതിനിധി ശ്രീ. രാജേഷ് റായ് തുടങ്ങിയവർ പങ്കെടുത്തു.

cochin
DUTY FREE



# They cruise on same wavelength

VINOD NEDUMUDY | DC
KOCHI, APRIL 11



Sunil Chacko and Mini George.

He is the Chief Financial Officer (CFO) of Cochin International Airport Limited (CIAL) and she is the Senior Divisional Manager of the National Insurance Company Limited at Kolencherry in Ernakulam district. The couple Sunil Chacko and Mini George share a passion for their profession and are keen that both should work, not just for ensuring double income for the family but to be independent and having stature and self-esteem.

Prior to becoming CFO, Sunil Chacko was the Executive Director of Kerala Minerals and Metals Limited (KMML), Chavara, Kollam. But he opted for the CIAL job as his family was in Ernakulam and he gave family and profession equal importance. Sunil came to KMML after an innings of 18 years in Travancore Cochin Chemicals (TCC), Ernakulam, where he started as executive trainee and ended up as financial controller.

Mini George is the younger sister of Rani George IAS who is the Cultural and NORKA secretary in the state government and their youngest sister is in the US. Her parents too were a power couple, mother, an addition secretary in the finance department and father director of treasuries department in Thiruvananthapuram. Rani had first rank in BSc Maths while Mini had second rank in BA Economics from Kerala University.

"Hailing from such a family, I always aspired for a career and Sunil was supportive of that. Our parents helped us in bringing up our two girl children that eased our burden in the family life," says Mini George.

Both of them turn very busy towards the end of the financial year as both have finances of their organizations uppermost in mind. "But we jell with each other so well. For me in any relation, wave length is important. I should be able to intellectually communicate with the other person. Luckily in the case of my wife, it has been perfect. We never face any drought for topics to discuss and I am very happy about it," says Sunil. Was yours a love marriage? "We fell in love after marriage," retorts Sunil breaking into a guffaw.




Both hold MBA degrees which they acquired while working from the Indira Gandhi National Open University. "Both have specialisation in marketing too," quickly adds Mini.

Sunil, who is an FCMA holder, has been the Southern India chairman of Institute of Cost Accountants of India (2007-08). Their marriage was on September 5, 1992. Their elder daughter Shwetha is also into the finance stream having done her degree in corporate economics and is now selected for Federal Bank probationary officer post while the younger daughter Shradha is into Class XII at Toc-H Public School, Vyttila.

Sunil and Mini go for long trips once a year with children and also make short trips. "We have six families as close friends. They were my friends during my college days. We value the get-togethers with them," says Sunil.

Sunil is happy being at CIAL as he finds it as a company driven by professionals. Mini never thought of shifting to another path as she felt running the family along with a career was safe in the current job.

The couple make it a practice to do yoga or swimming or walking to keep themselves fit. Both love old melodies - Sunil Malayalam songs while Mini Hindi film songs.

ഡെക്കാൺ ക്രോണിക്കിൾ പത്രം പ്രസിദ്ധീകരിച്ച ലേഖനം

# വ്യായാമം ശീലമാക്കുമ്പോൾ



**പവിത്രൻ വി.പി.**
സീനിയർ മാനേജർ (കാർഗോ)

നിങ്ങൾക്ക് മുപ്പതു വയസു കഴിഞ്ഞോ ? എല്ലാ യാത്രകൾക്കും നിങ്ങൾ വാഹനത്തെ ആശ്രയിക്കുന്നവരാണോ ? കായികാധ്വാനം ഒട്ടുമാവശ്യമില്ലാത്ത ജോലിയാണോ നിങ്ങൾ ചെയ്യുന്നത് ? എങ്കിൽ തീർച്ചയായും താഴോട്ടു വായിക്കുക.


നിങ്ങൾ കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ എപ്പോഴെങ്കിലും മെഡിക്കൽ ചെക്കപ്പ് നടത്തിയിട്ടുണ്ടോ ? ഇല്ലെങ്കിൽ ഉടനെത്തന്നെ ഒരു ചെക്കപ്പുനടത്തി രക്തത്തിലെ പഞ്ചസാരയുടെയും കൊളസ്ട്രോളിന്റെയും അളവുപരിശോധിക്കുക. രക്തസമ്മർദ്ദം (ബി.പി.) എത്രയുണ്ടെന്ന് മനസ്സിലാക്കുക.

അടുത്തതായി ചെയ്യേണ്ടത് നിങ്ങളുടെ ഉയരവും ശരീരഭാരവും തമ്മിലുള്ള പൊരുത്തം അറിയുക എന്നതാണ്.

| | | |
|---|---|---|
| BMI | = | ശരീരഭാരം (K-g) / ഉയരം (M) X ഉയരം (M) |
| BMI | - | 18. 5 ൽ താഴെ : ശരീരഭാരം കുറവാണ് |
| BMI | - | 18.6 മുതൽ 24.9 വരെ : ശരിയായ ഭാരം |
| BMI | - | 25 മുതൽ 29.9 വരെ : അമിതഭാരം |
| BMI | - | 30–39.9 വരെ : പൊണ്ണത്തടി |

ഇതിനെ സാധാരണയായി ബി എം ഐ അഥവാ ബോഡിമാസ് ഇൻഡെക്സ് എന്നാണ് അറിയപ്പെടുന്നത്. അതു കണ്ടുപിടിക്കാൻ താഴെപ്പറയുന്ന ചാർട്ട് സഹായകമാവും.ഉദാഹരണത്തിന് നിങ്ങളുടെ ഭാരം 65 കിലോഗ്രാം ഉയരം 155 സെ.മീ

അഥവാ 1.55 മീറ്റർ ആണെന്നിരിക്കട്ടെ.



നിങ്ങളുടെ

$$\text{B-M-I} = \frac{65}{1.55 \times 1.55} = 27.08$$

ഇത് അമിതഭാരമാണ്. 155 സെ.മീ ഉയരമുള്ള ഒരാൾക്ക് പരമാവധി 60 കി.ഗ്രാം ഭാരം ഉണ്ടായാൽ മതി.

കാൽനൂറ്റാണ്ട് മുൻപ് മനുഷ്യന്റെ മരണത്തിന് പ്രധാനമായി വാർദ്ധക്യസഹജമായ അസുഖങ്ങൾ അല്ലെങ്കിൽ-വസൂരി, കോളറി, മലമ്പനി, മഞ്ഞപ്പിത്തം മുതലായ പകർച്ച വ്യാധികളായിരുന്നു കാരണം. ഇന്ന് അതുപഴങ്കഥയായിരിക്കുന്നു. പകർച്ച വ്യാധികളെ തടയാൻ പ്രതിരോധനടപടികളുണ്ട്. ഇന്ന് മരണനിരക്ക് വർദ്ധിക്കുന്നത് പ്രമേഹം, ഹൃദ്രോഗം, വൃക്ക, കരൾ മുതലായവയെ ബാധിക്കുന്ന രോഗങ്ങളാണ്.

'ജീവിത ശൈലീ രോഗം' എന്ന പുതിയൊരുപദം തന്നെ നിഘണ്ടുവിൽ എഴുതപ്പെട്ടിരിക്കുന്നു. നമ്മുടെ ദൈനം ദിനജീവിതത്തിൽ ആവശ്യത്തിനും , അനാവശ്യത്തിനും നാം അകത്താക്കുന്ന മദ്യം, പുക, വിഷലിപ്തമായ ഭക്ഷ്യവസ്തുക്കൾ, ഫാസ്റ്റ് ഫുഡ്, ബേക്കറി വസ്തുക്കൾ എല്ലാംതന്നെ നമ്മുടെ ശരീരത്തിന് താങ്ങാവുന്നതിലധികം കലോറി – ഊർജ്ജവുമായി കെട്ടിക്കിടക്കുന്നു. അതിനെ ദഹിപ്പിച്ച് കളയാൻ നാമൊട്ട് മിനക്കെടുന്നുമില്ല. അന്നന്ന് ശരീരത്തിൽ കയറുന്ന 'കലോറി ' അതാതുദിവസം തന്നെ ദഹിപ്പിച്ചുകളയാൻ ആവശ്യമായ വ്യായാമം നാം ചെയ്തേ മതിയാവൂ. രോഗാതുരരാവാതിരിക്കാൻ നാം മണ്ണിവേക്കിറങ്ങാൻ മുന്നോട്ടു വരണം.

ആരോഗ്യത്തിന് വ്യായാമത്തിനുള്ള പങ്കിനെക്കുറിച്ച് നമുക്കെല്ലാം അറിവുള്ളതാണ്. 24 മണിക്കൂറിൽ 1 മണിക്കൂർ അതിനുവേണ്ടി നീക്കിവയ്ക്കുക. വ്യായാമം എന്നത്പോലെതന്നെ വിശ്രമവും നമുക്കാവശ്യമാണ്.

ഉറക്കം: പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് ഒരു ദിവസം ആറ് മണിക്കൂറെങ്കിലും ഉറക്കം ആവശ്യമാണ്. ഉറങ്ങാനുള്ള സമയം രാത്രിയാണെങ്കിലും ജോലിയുടെ സ്വഭാവമനുസരിച്ച് മറ്റുസമയങ്ങളിലേക്ക്


മാറ്റാവുന്നതാണ്. ശുദ്ധവായു ലഭിക്കുന്ന നിരപ്പായ സ്ഥലങ്ങളിൽ നിവർന്ന് കിടന്നുറങ്ങുന്നതാണ് നല്ലത്. നേരത്തെ കിടന്ന് നേരത്തെ ഉണരുന്ന ശീലം ആരോഗ്യത്തിന് വളരെ നല്ലതാണ്, ഉറങ്ങാൻ കിടക്കുന്നതിനുമുൻപുള്ള ഭക്ഷണം രണ്ട് മണിക്കൂറെങ്കിലുപം നേരത്തെയായാൽ നന്ന്. നേരം വെളുക്കുന്നതിനുമുൻപ് തന്നെ ഉണരുകയും ഉടനെ ശുദ്ധമായ വെള്ളം കുടിക്കുകയും ചെയ്യുക.

വ്യായാമം: വ്യായാമം നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുക. ഒഴിവാക്കാൻ പലകാരണങ്ങളും നമ്മുടെ മുന്നിലേക്ക് വരും, അതിനെ മറികടക്കുകതന്നെ വേണം.

**നടത്തം :** പ്രായലിംഗഭേദമില്ലാതെ എല്ലാവർക്കും ചെയ്യാവുന്ന ഏറ്റവും ലളിതമായ വ്യായാമം. ആരോഗ്യവും, പ്രായവും കണക്കാക്കി അതിന്റെ ദൈർഘ്യം ക്രമീകരിക്കണം. നേരം വെളുക്കുന്നതിനുമുൻപ് തുറസ്സായ സ്ഥലത്ത് ഒരു നാല്പത് മിനുറ്റ്നേരമെങ്കിലും നടക്കുക. കാലിൽ വളരെ അയഞ്ഞതും ഹൈഹീൽഡുമായ ചെരിപ്പുകൾ ഒഴിവാക്കുക. അവർക്കുചേരുന്ന ഷൂവാണ് ഏറ്റവും നല്ലത്. കുണ്ടും കുഴികളും നിറഞ്ഞ







വഴികളിലൂടെയുള്ള നടത്തം നന്നല്ല. ഒരു മണിക്കൂറിൽ കുറഞ്ഞത് ആറ് കിലോമീറ്ററെങ്കിലും പൂർത്തിയാക്കുന്ന തരത്തിൽ വേഗം ക്രമീകരിക്കണം. ആരോഗ്യം അനുവദിക്കുമെങ്കിൽ നടത്തത്തിനിടയ്ക്കിടെ ചെറിയതോതിൽ ജോഗിംഗ് ചെയ്യാവുന്നതാണ്. നെഞ്ചുവിരിച്ച് കൈകൾ വീശി നടക്കുന്നതാണ് ഉചിതമായ രീതി. നടന്നുകഴിഞ്ഞാൽ മറ്റു വ്യായാമങ്ങൾ തുടങ്ങാം. (അത്യാവശ്യമാണെങ്കിൽ മാത്രം കുറച്ച് വിശ്രമിക്കാം)

**ശ്വസനം :** നടന്നു കഴിഞ്ഞയുടൻ നിവർന്നു നിൽക്കുക (കാലുകൾതമ്മിൽ ഒരടി അകലത്തിൽ) ഇരുകൈകളും അരക്കെട്ടിന് മുകളിൽ പിടിച്ചുകൊണ്ടു 3–4 മിനുട്ട് ദീർഘശ്വാസം ചെയ്യുക (ഒരുമിനുട്ടിൽ 8 മുതൽ 10 വരെ പ്രാവശ്യം ശ്വസിച്ചാൽ മതിയാവും) മൂക്കിലൂടെയായിരിക്കണം ശ്വസനം. നമ്മുടെ ശ്വാസകോശം പരമാവധി വികസിക്കട്ടെ. അകത്തേക്കുശ്വസിച്ചശേഷം രണ്ടുമൂന്നു സെക്കന്റ് കഴിഞ്ഞ് വേണം ഉച്ഛ്വസിക്കാൻ.

**കഴുത്ത് :** മുകളിൽ പറഞ്ഞ ശ്വസനക്രിയയ്ക്ക് ശേഷം, നമുക്ക് കഴുത്തിനുള്ള വ്യായാമമാരംഭിക്കാം.

1. മുഖം മുന്നോട്ടുതാഴ്ത്തി താടിയെല്ല് കഴുത്തെല്ലിൽ മുട്ടിക്കുക. ഇനി സാവധാനം നേരെ മുകളിലേയ്ക്ക് നോക്കിക്കൊണ്ട് തലയുടെ പിൻഭാഗം കഴുത്തിന്റെ പിൻഭാഗത്ത് മുട്ടിക്കുക. (5 പ്രാവശ്യം മുന്നോട്ട് 5 പ്രാവശ്യം പിറകോട്ട് ) ഫോട്ടോ

2. കഴുത്തുൾപ്പെടെ ഇടതുവശത്തേക്ക് സാവധാനം പൂർണമായും തിരിക്കുക. പൂർവ്വാവസ്ഥയിൽ വന്ന ശേഷം വലതുവശത്തേക്കും ആവർത്തിക്കുക (5 വീതം)

3. മുന്നോട്ട് നോക്കി നിൽക്കുക. സാവധാനം തല ഇടതുവശത്തേക്ക് ചരിച്ച് ഇടതുചെവി ഇടത് ചുമലിൽ തൊടുക. (5 വീതം ആവർത്തിക്കുക)

4. മുകളിൽ പറഞ്ഞവയെല്ലാം ചേർത്തുള്ള വ്യായാമമാണ് അടുത്തത്. ആദ്യം മുഖം താഴ്ത്തി താടിയെല്ല് കഴുത്തിൽ മുട്ടിച്ച് കൊണ്ടു മുകളിലേക്ക് നോക്കികൊണ്ട് , താടി മുന്നോട്ടുകൊണ്ടുവന്ന് പൂർവ്വസ്ഥിതി പ്രാപിക്കുക. ഇത് വലതുഭാഗത്തേക്കും ആവർത്തിക്കുക (3 പ്രാവശ്യം വീതം)

**അരക്കെട്ട് :** നട്ടെല്ലുകൾക്കും അരക്കെട്ടിനും ശക്തിയുണ്ടായാലേ നമുക്ക് ദൈനംദിന ജോലികൾ ബുദ്ധിമുട്ടില്ലാതെ നിർവ്വഹിക്കാൻ പറ്റൂ.

1. കാലുകൾ തമ്മിൽ 2 അടി അകലത്തിൽ വെച്ച് നിവർന്ന് നിൽക്കു. കൈകൾ രണ്ടും സാവധാനം മുകളിലേക്കുയർത്തി ശ്വാസമെടുക്കുക. ശ്വാസം വിട്ടുകൊണ്ട് മുന്നോട്ടാഞ്ഞ് കൈകൾ തറയിൽ മുന്നോട്ട് എത്താവുന്നത്ര ദൂരം തൊടാൻ ശ്രമിക്കുക. അതുപോലെ കൈകൾകൊണ്ട് പരമാവധി പിറകോട്ടും തൊടാൻ ശ്രമിക്കുക. (5 പ്രാവശ്യം വീതം ആവർത്തിച്ചതിനുശേഷം നിവരുക)

2. നിവർന്നശേഷം ഇരുകൈകളും താഴ്ത്തി, ഇരുവശത്തേക്കും നിവർത്തുക. കൈപ്പത്തി താഴോട്ട് തിരിഞ്ഞായിരിക്കണം. അവിടെ നിന്നുകൊണ്ട് സാവധാനം അരക്കെട്ടിന് മുകൾഭാഗം ഇടത്തോട്ട് തിരിക്കുക. പരമാവധി പുറകോട്ട് നോക്കാൻ ശ്രമിക്കുക. (ഇരുവശത്തേക്കും 5 പ്രാവശ്യം)

കാൽമുട്ട് : 1. കാലുകൾചേർത്തുവച്ച് നിവർന്നുനില്ക്കുക. കൈകൾ കൊണ്ട് കാൽമുട്ടിൽ പിടിക്കുക. സാവധാനം കാൽമുട്ട് നിവർത്തുകയും മടക്കുകയും ചെയ്യുക (5 പ്രാവശ്യം)

2. കൈപ്പത്തി കാൽമുട്ടിൽ പിടിച്ചുകൊണ്ട് മുട്ട് ചെറുതായി മടക്കുക. മടക്കിപ്പിടിച്ചുകൊണ്ട് അരകല്ലുപോലെ 5 പ്രാവശ്യം ഇടതുവശത്തേക്കു, അഞ്ചു പ്രാവശ്യം വലതുവശത്തേക്കും കറക്കുക. പൂർവ്വ സ്ഥിതിയിലേക്കുവരിക.

കാൽപ്പാദം: 1. ചെരിപ്പഴിച്ചുവച്ച ശേഷം ഉപ്പൂറ്റി പരമാവധി ഉയർത്തിപ്പിടിച്ച് കാൽവിരലിലൂന്നിക്കൊണ്ട് നടക്കുക. പിറകോട്ടും നടക്കുക.

2. ഒറ്റക്കാലിൽ നിന്നുകൊണ്ട് മറ്റേകാലിന്റെ പാദം നിവർത്തിപ്പിടിച്ച് സാവധാനം ചുഴറ്റുക. ഇരുവശത്തേക്കും 10 പ്രാവശ്യം ആവർത്തിക്കുക.

മുകളിൽ പറഞ്ഞവ കഴുത്തുമുതൽ പാദം വരെ അത്യാവ്യം വേണ്ടുന്ന വ്യായാമങ്ങളാണ് , എല്ലാം കൂടിതീർക്കാൻ 10–15 മിനിറ്റ് മതിയാകും.

വിശ്രമം : ഇത്രയും കഴിഞ്ഞാൽ നിരപ്പായതറയിൽ എന്തെങ്കിലും ഷീറ്റ് വിരിച്ച് നിവർന്ന് കിടക്കുക. ആദ്യം പറഞ്ഞതുപോലെ 2–3 മിനിറ്റ് ദീർഘനിശ്വാസം ചെയ്യുക. കണ്ണടച്ച് പൂർണമായും വിശ്രമിക്കുക.

ഇനി നിങ്ങളുടെ ദൈനംദിന ജോലിയിലേക്ക് പ്രവേശിക്കാം. മുകളിൽ പറഞ്ഞ ഒരു മണിക്കൂർ കൂടുതലാണ് എന്നു തോന്നുന്നുവെങ്കിൽ 20 മിനിറ്റ് നടന്നശേഷം 5 മിനിറ്റ് വിശ്രമിച്ച് സൂര്യനമസ്ക്കാരം ചെയ്യാം. ശരീരത്തിന്റെ എല്ലാ അവയവങ്ങൾക്കുമുള്ള വ്യായാമം അതിലൂടെ നേടിയെടുക്കാം.

# സിബി സെബാസ്റ്റ്യന് അന്ത്യാഞ്ജലി




അന്തരിച്ച സിയാൽകാർഗോ സീനിയർ സൂപ്പർവൈസർ സിബി സെബാസ്റ്റ്യന് സിയാൽ കുടുംബം അന്ത്യാഞ്ജലി അർപ്പിച്ചു. സിയാൽ കോൺഫറൻസ് ഹാളിൽ നടന്ന അനുശോചന സമ്മേളനത്തിൽ മാനേജിങ് ഡയറക്ടർ ശ്രീ. വി.ജെ.കുര്യൻ സിബിയുടെ സേവനങ്ങളെ അനുസ്മരിച്ചു. സിബിയുടെ കുടുംബത്തെ കൈപിടിച്ചുയർത്താൻ സിയാൽ പ്രതിജ്ഞാബദ്ധമാണെന്ന് മാനേജിങ് ഡയറക്ടർ പറഞ്ഞു.

''പതിനാല് വർഷത്തോളം സ്തുത്യർഹമായി സേവനമനുഷ്ഠിച്ചയാളാണ് സിബി സെബാസ്റ്റ്യൻ. അദ്ദേഹത്തിന് നേരത്തെ ആരോഗ്യ പ്രശ്നമുായപ്പോഴെല്ലാം സിയാൽ സഹായിച്ചിരുന്നു. നിർഭാഗ്യവശാൽ മരണം സംഭവിച്ചു. എല്ലാവർക്കും വേദനാജനകമായ സംഭവമാണിത്. അതിന്റെ ദു:ഖം നിങ്ങൾ ഓരോരുത്തരുമായും ഞാൻ പങ്കുവയ്ക്കുന്നു. ജീവനക്കാരുടെ പ്രവർത്തനത്തിലാണ് ഈ സ്ഥാപനത്തിന്റെ നിലനിൽപ്പ്. അതുകൊണ്ടുതന്നെ ജീവനക്കാർക്കുാകുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കേണ്ടതും പരിഹരിക്കേണ്ടതും നമ്മുടെ കടമയാണ്. സിബിയുടെ കുടുംബത്തിനെ നമ്മൾ സഹായിക്കണം. നിങ്ങളുടെ എല്ലാവരുടേയും അനുവാദമുണ്ടെങ്കിൽ ഒരുദിവസത്തെ വേതനം സിബിയുടെ വീട് പൂർത്തിയാക്കാനായി മാറ്റിവയ്ക്കണം. 45 ദിവസത്തിനുള്ളിൽ ഈ ദൗത്യം പൂർത്തിയാക്കാൻ നമ്മൾക്ക് കഴിയണം. ഇതിന് പുറമെ, സിയാലിൽ നിന്ന് കിട്ടേണ്ട പരമാവധി ആനുകൂല്യം എത്രയും പെട്ടെന്ന് തന്നെ സിബിയുടെ കുടുംബത്തിന് നമ്മൾ ലഭ്യമാക്കണം. ഒരിക്കൽക്കൂടി സിബിയുടെ വിയോഗത്തിൽ അദ്ദേഹത്തിന്റെ കുടുംബവുമായും നിങ്ങൾ ഓരോരുത്തരുമായും ഞാൻ ദുഖം പങ്കുവയ്ക്കുന്നു'' -മാനേജിങ് ഡയറക്ടർ പറഞ്ഞു.

എച്ച്. ആർ. ഹെഡ് ശ്രീ. ജയരാജൻ വി അനുശോചന പ്രമേയം അവതരിപ്പിച്ചു. കാർഗോ വിഭാഗം മേധാവി ശ്രീ. പോൾ കൊച്ചേരിൽ, സംഘടനാ പ്രതിനിധികളായ ശ്രീ. അജിത്, ശ്രീ. നിതിൻ എന്നിവർ സിബിയെ അനുസ്മരിച്ച് സംസാരിച്ചു. എയർപോർട്ട് ഡയറക്ടർ ശ്രീ. എ.സി.കെ.നായർ, സി.ഐ.എ.എസ്.എൽ മാനേജിങ് ഡയറക്ടർ ശ്രീ. ആർ. വെങ്കിടേശ്വരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. എ.എം.ഷബീർ, ചീഫ് ഫിനാൻഷ്യൽ ഓഫീസർ ശ്രീ. സുനിൽ ചാക്കോ തുടങ്ങിയവർ പങ്കെടുത്തു.







# ഭയം എന്ന നിഴൽ

അമേരിക്കൻ സ്വാതന്ത്ര്യ സമര നേതാവും മൂന്നാം പ്രസിഡന്റുമായ തോമസ് ജെഫേഴ്സന്റെ ചൊല്ല് കേൾക്കുക ''ജനങ്ങൾ സർക്കാറിനെ പേടിക്കുന്നെങ്കിൽ സ്വേച്ഛാധിപത്യം : സർക്കാർ ജനങ്ങളെ പേടിക്കുന്നു വെങ്കിൽ ശരിയായ ജനാധിപത്യം ''

ഒരു കുഞ്ഞു കരഞ്ഞാൽ എല്ലാ കുഞ്ഞുങ്ങളും കരയുന്നതു പോലെയും, ഒരാൾ കോട്ടുവായിട്ടാൽ പലരും കോട്ടുവായിടുന്നതുപോലെയും പേടിയുടെ കാര്യത്തിലും അകാരണമായ കൂട്ടുചേരലുണ്ടാകാറുണ്ട്. ഇത് മനുഷ്യരുടെ ഒരു ദൗർബല്യമാണ്. പരാജയപ്പെടുമോയെന്ന ഭയമാണ് വിജയത്തിന്റെ ഏറ്റവും വലിയ തടസ്സം. ഭയത്തെ നേരിട്ട് ഓരോ തവണ ജയിക്കുന്തോറും നമ്മുടെ ശക്തിയും ധൈര്യവും ആത്മവിശ്വാസവും മെച്ചപ്പെടുന്നു. കള്ളത്തെളിവ് സത്യമെന്നു തോന്നലാണു ഭയം എന്നർത്ഥം വരുന്ന മൊഴികേൾക്കുക.

FEAR = False Evidence Appearing Real.

യുദ്ധം ചെയ്തു രാജ്യങ്ങൾ പിടിച്ചെടുക്കുന്നതിൽ ലോകചരിത്രത്തിലെ മുൻനിരക്കാനാണ് മഹാനായ അലക്സാണ്ടർ. ചെറുരാജ്യമായ മാസിഡോണിയയിലെ രാജാവായ ഫിലിപ് രണ്ടാമന്റെ മകൻ. ഇദ്ദേഹത്തിന് 13 ാം വയസ്സിൽ ജീവിതത്തിലെ വലിയ വഴിത്തിരിവുണ്ടായി. രാജാവ് വാങ്ങാനാഗ്രഹിച്ച കുതിര ആരുടെ മുന്നിലും വഴങ്ങിയില്ല. വലിയ കുതിരക്കാരും പരാജയപ്പെട്ടപ്പോൾ രാജാവിനുകോപം, പക്ഷേ, ബാലനായ അലക്സാണ്ടർ മുന്നോട്ട്വന്നു. താൻ കുതിരയെ മെരുക്കാമെന്നു പറഞ്ഞു. എല്ലാവരും അൽഭുതപ്പെട്ടു. പക്ഷേ, ആ ഉദ്യമത്തിൽ ബാലനായ അലക്സാണ്ടർ വിജയിച്ചു. എന്തായിരുന്നു ആ രഹസ്യം. കുതിര ഭയപ്പെട്ടാണ് വഴങ്ങാതെ കുതറുന്നതെന്നു ബാലൻ തിരിച്ചറിഞ്ഞിരുന്നു. എന്തിനെയാണ് കുതിര ഭയപ്പെടുന്നത് ? സ്വന്തം നിഴലിനെത്തന്നെ. അലക്സാണ്ടർ കുതിരയെ നയിച്ചു നിഴൽ പിന്നിലാക്കി കുതിരയ്ക്കു കാണാനാവാത്ത വിധം. ബാലന്റെ അസാമാന്യ വിജയത്തിൽ വിസ്മയിച്ച രാജാവ് വിളിച്ചു പറഞ്ഞു. '' മാസിഡോണിയ നിനക്കു തീരെ ചെറുതാണു മോനെ . നിന്റെ സ്വപ്നത്തിനിണങ്ങിയ സാമ്രാജ്യത്തിനായി നീ ശ്രമിക്ക് ''.

ബ്യൂസെഫെലസ് എന്ന പേരുള്ള ഈ പടക്കുതിര യുദ്ധങ്ങളിലെല്ലാം അലക്സാണ്ടറെ തുണച്ചിരുന്നു. ബി .സി 326 ൽ കുതിര ചത്തപ്പോൾ സ്മരണയ്ക്കായ് ത്സലം നദിക്കരയിലെ ചെറുപട്ടണത്തിൽ 'ബ്യൂസെഫാല' എന്നു പേരിട്ടു. സ്വന്തം നിഴലിനെ ഒരിക്കൽ ഭയന്ന കുതിര പിന്നീട് ഐതിഹാസിക യുദ്ധങ്ങളിൽ നിർണായക സ്ഥാനം വഹിച്ചു.

നമ്മിൽ വലരും സ്വന്തം നിഴലിനെപ്പോലും ഭയപ്പെട്ടു വേണ്ടതു വേണ്ടപ്പോൾവേണ്ടതുപോലെചെയ്യാതെപോകാറില്ലേ ? സ്വന്തം നിഴലിൽ നിന്നും രക്ഷ നേടുക അസാധ്യം. അതു നമ്മെ പിൻ തുടർന്നുകൊണ്ടേയിരിക്കും. പല ഭയങ്ങളും നിഴൽപോലെ പിൻതുടരും. അടിസ്ഥാനമില്ലാത്ത ഭീതി മനസ്സിൽ തളം കെട്ടി നിൽക്കുന്നതിന്നാലാണ് പേടി അനുഭവപ്പെടുന്നത്. നിഴൽ പേടിപ്പിക്കുമെന്ന് തോന്നിയാൽ അതിനു പിന്നിലുള്ള പ്രകാശത്തെപ്പറ്റി ഓർക്കുക.



**കെ.പി. തങ്കച്ചൻ**
ജി.എം. – സിവിൽ, ചീഫ് എഡിറ്റർ.




# ജീവിതത്തിന്റെ മൂന്നാം ടെർമിനൽ

വളരെ ദൂരെ നിന്നേ കാണാം പുതിയ ടെർമിനലിന്റെ നിർമാണ പുരോഗതി. ചാര നിറം പൂണ്ട് വിലങ്ങനെ നിൽക്കുന്ന കെട്ടിടത്തിൽ കുന്തിച്ചു നിൽക്കുന്ന ക്രെയിനുകൾ. അതിന്റെ നീക്കങ്ങൾ. ഇനി ഏതാനും മാസങ്ങൾക്കുള്ളിൽ പുതിയ ടെർമിനലിന്റെ നിർമാണം പൂർത്തിയാകും. നമ്മുടെ സ്വന്തം T 3. സിയാലിന്റെ വളർച്ചയുടെ രണ്ടാംഘട്ടം. അല്ലെങ്കിൽ നമ്മൾ പലരുടേയും ഔദ്യോഗിക ജീവിതത്തിന്റെ ഒരു നിർണായക ഘട്ടം.

പുതിയ ടെർമിനൽ വേണമെന്ന മാനേജ്മെന്റിന്റെ ചിന്ത സാർത്ഥകമാക്കാൻ രാവ് പകലാക്കി പ്രവർത്തിക്കുന്നവർ ഒരുപാടുണ്ട്. നേതൃത്വത്തിന്റെ ഇച്ഛാശക്തി പകർന്ന ഊർജത്തിൽ സ്വപ്നങ്ങളെ യാഥാർത്ഥ്യത്തിലേയ്ക്ക് തർജമചെയ്യുന്നവർ. കല്ലും മണ്ണും കമ്പിയും കൊണ്ട് മാത്രം ഇത്ര വലിയൊരു പ്രോജക്ട് പൂർത്തിയാകില്ലെന്നും അതിന് ആത്മസ്പർശവുമുണ്ടാകണമെന്നും നിർബന്ധമുള്ളവർ. സിയാലിന്റെ വളർച്ചയുടെ ഓരോഘട്ടത്തിലും ഈ ആത്മാർപ്പണമുണ്ട്.


ലോകത്തിലെ ഏറ്റവും വിജയംവരിച്ച കോർപ്പറേറ്റ് സ്ഥാപനങ്ങളിലൊന്നായ ഗൂഗിളിന്റെ എക്സിക്യൂട്ടീവ് ചെയർമാൻ എറിക് ഷ്മിത്, 'ഹൗ ഗൂഗിൾ വർക്സ്' എന്ന രസകരമായ പുസ്തകത്തിൽ, ഒരു ജീവനക്കാരനിൽ നിന്ന് തന്റെ കമ്പനി പ്രതീക്ഷിക്കുന്നതെന്താണ് എന്ന് പറയുന്നുണ്ട്. 'ജീവിതവും ജോലിയും രണ്ടായി കാണണമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. പലർക്കും അത് ഒന്നുതന്നെയാണ്. രണ്ടും ഒരുപോലെ ആസ്വദിക്കുന്നവരെയാണ് ഞങ്ങൾക്ക് താൽപ്പര്യം'. ഒരുപക്ഷേ യാഥാസ്ഥിതിക മാനേജ്മെന്റ് തത്വങ്ങൾക്ക് വിരുദ്ധമാണ് ഷ്മിത്തിന്റെ ഈ അഭിപ്രായം. പക്ഷേ അതിൽ ചിലതുണ്ട്. ജോലി ജീവിതത്തിന്റെ ശത്രുവല്ല. മറിച്ചും. ഏറ്റെടുത്ത പദ്ധതികൾ കാലേക്കൂട്ടി തീർക്കാൻ സിയാലിന് കഴിയുന്നതിൽ, ജോലിയുടെ ആസ്വാദനം എന്ന ഘടകം, അതിനുപിന്നിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം പേർക്കുമുണ്ടെന്ന് കരുതാം. ഒരുവീടുവയ്ക്കുന്നതിന്റെ തത്രപ്പാടുകൾ എന്തൊക്കെയാണെങ്കിലും അതേക്കുറിച്ച് പറയാൻ നമ്മൾക്കെപ്പോഴും ഇഷ്ടമാണ്. ഒരുപക്ഷേ ഒരുമലയാളി ഏറ്റവും അഭിമാനത്തോടെ പറയുന്ന ദുരിതമാണ് വീടുവയ്ക്കൽ. ദുരിതം അഭിമാനമാകുന്നത് അത് നമുക്ക് വേണ്ടി ചെയ്യുന്നതുകൊണ്ടാണ്. അത് ആത്മാർപ്പണത്തോടെ ചെയ്യുന്നതുകൊണ്ടാണ്. അല്ലെങ്കിൽ അത് ആസ്വദിച്ച് ചെയ്യുന്നതുകൊണ്ടാണ്. അതുകൊണ്ട് ഉയരട്ടെ നമ്മുടെ സ്വന്തം T 3. ആസ്വദിക്കാം ഈ തത്രപ്പാടുകൾ. അടുത്തവർഷം തിരിഞ്ഞുനോക്കാം.....പിന്നിട്ട പടവുകളെ !




**പി.എസ്.ജയൻ**
എഡിറ്റർ



## സിയാൽ വെബ്സൈറ്റ് : കാലങ്ങളിലൂടെ....







EXIT